
ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# എറണാകുളം മിസ്സം



Vol. 62
No.: 6
June 2019



www.ernakulamarchdiocese.org

# ജൂൺ 13
# വി. അന്തോണീസിന്റെ തിരുനാൾ



**വി. അന്തോണീസേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL

# എറണാകുളം മിസ്സം

BULLETIN

## വിഷയസൂചിക


| | |
|---|---|
| 4. | പ്രാർത്ഥനയിൽ അനുസ്മരിക്കാൻ |
| 5. | ലോക മാധ്യമദിന സന്ദേശം |
| 11. | ഇടയലേഖനം - അദ്ധ്യയനവർഷാരംഭം |
| 15. | സർക്കുലർ |
| 19. | നസ്രായന്റെ കൂടെ (6) |
| 22. | പിതാക്കന്മാരുടെ ശുശ്രൂഷകൾ |
| 26. | കച്ചേരിക്കാര്യം |
| 29. | Transfers/Appointments |
| 31. | വൊക്കേഷൻ പ്രൊമോഷൻ |
| 32. | വാർത്തകളും വിശേഷങ്ങളും |
| 33. | നിര്യാതരായി |
| 40. | നിവേദിത, ചുണങ്ങംവേലി |
| 41. | A.I.C.O. |
| 42. | Department of Catechesis |
| 44. | Department of Family Apostolate |
| 46. | സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്) |
| 49. | C.L.C. |
| 53. | അതിരൂപതാ ഡയറി |


**Editor: Rev. Fr. Jose Pollayil**

Volume : **62**
Issue No. : **6**
Month : **June 2019**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Subscription:**
Single copy: ₹ 15.00
Annual: ₹ 150.00

**Printed and Published by**
Fr. Jose Pollayil on behalf of the Archbishop of Ernakulam, Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.
Printed at Viani Printings, Viani Buildings, Lisie Hospital Road, Ernakulam, Kochi 682018.
Published from Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| *Msgr. Manikanamparambil George , Udayamperoor* | *1924* | *1950* | *2-6-1994* |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| *Mar Sebastian Mankuzhikary, Thannirmukom* | *1929* | *1955* | *11-6-1994* |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John (Jr.), Chethikode | 1900 | 1930 | 26-6-1988 |

Ref: 3191/K-5/KCBC/OL/DS 4.5.2019

# ലോക മാധ്യമദിനസന്ദേശം 2019

## നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25) സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്.

പ്രിയ സഹോദരീസഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

### നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്തവിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരുവശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പരമ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ചൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പര

സ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ പോഷിപ്പിക്കുന്നു. അങ്ങനെ ലോകത്തിലേക്കുള്ള ഒരു ജനലായിരിക്കേണ്ടത് വ്യക്തിപരമായ സ്വദേഹപ്രേമം പ്രദർശിപ്പിക്കുന്ന ഒരു ഷോകെയ്സായിത്തീരുന്നു.

മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും - നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം “സാമൂഹിക താപസന്മാർ” ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകട സാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

## "നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏകശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യമില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ - അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ - നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡേഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള – ഒരു സമൂഹത്തിന്റേതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. "പരസ്പര ബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക – ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല" വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധ സ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു – നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതം ചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, "വ്യക്തി" എന്ന വാക്ക് ഒരു "മുഖം" എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതിരാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

## 'ലൈക്ക്' (like) എന്നതിൽനിന്നും 'ആമ്മേൻ' എന്നതിലേക്ക്

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം,

ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും "പുഞ്ചിരികൾക്കും" വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് - കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം "ലൈക്ക്" അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പ**

..........................................

N.B: ഈ സർക്കുലർ 2019 ജൂൺ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.

# ഇടയലേഖനം

ദൈവകൃപയാൽ എറണാകുളം-അങ്കമാലി അതിരൂപതാ
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

## മാർ ജേക്കബ് മനത്തോടത്ത്

തന്റെ അധികാരത്തിൽപ്പെട്ട ഇടവകകളിലെ
ബഹുമാനപ്പെട്ട വികാരിമാർക്കും അസിസ്തേന്തിമാർക്കും
മറ്റുവൈദികർക്കും സന്ന്യാസിനീസന്ന്യാസിമാർക്കും ജനങ്ങൾക്കും
**നമ്മുടെ കർത്താവീശോമിശിഹായിൽ ആശിസ്സും സമാധാനവും**

**മിശിഹായിൽ പ്രിയ സഹോദരരേ, വത്സലമക്കളേ,**

ഒരു പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു കഴിഞ്ഞു. പുത്തൻ പ്രതീക്ഷകളും സ്വപ്നങ്ങളുമായി വിദ്യാലയങ്ങളിലേയ്ക്ക് കടന്നുചെല്ലുന്ന എല്ലാ കുട്ടികൾക്കും രക്ഷിതാക്കൾക്കും അവർക്കു മാതൃകയും പരിശീലകരുമാകേണ്ട അദ്ധ്യാപക സുഹൃത്തുക്കൾക്കും പ്രാർത്ഥനാപൂർവം ആശംസകളും ആശീർവാദവും.

നമ്മുടെ അതിരൂപതയിൽ വിശ്വാസപരിശീലനത്തിന്റെ ഈ വർഷത്തെ വിഷയമായ് എടുത്തിരിക്കുന്നത് "പ്രത്യാശയുടെ ദൈവമക്കൾ: യേശുവിലാണെൻ പ്രത്യാശ, വചനമാണെൻ വഴികാട്ടി" എന്നതാണല്ലോ. പ്രത്യാശയുടെ സന്ദേശവുമായ് ഉത്ഥിതനായ യേശുവിൽ നമ്മുടെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും പ്രത്യാശവച്ചുകൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിക്കണം. സങ്കീർത്തകൻ പറയുന്നു "കർത്താവേ, അങ്ങയുടെ വചനം എന്റെ പാദങ്ങൾക്ക് വിളക്കും, വഴികളിൽ പ്രകാശവുമാണ്." യേശുവിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഇന്ന് ഈ ലോകത്തിൽ നാം ജീവിക്കുമ്പോൾ അവിടത്തെ വചനത്തിന്റെ മാർഗ്ഗങ്ങളി

ലൂടെ ചരിച്ചുകൊണ്ട് വചനം വായിക്കുവാനും, ഹൃദിസ്ഥമാക്കുവാനും, ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും നമുക്ക് ശ്രമിക്കാം. വിശ്വാസപരിശീലനവേദി സജീവവും ഫലപ്രദവുമാക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങളുണ്ട്.

**ഈശോയെ അറിയുക (Cognitive Realm):** പഠനത്തിന്റെ മേഖലയാണിത്. കുട്ടികൾ ഈശോയെയും വിശ്വാസസത്യങ്ങളെയും അറിയുക എന്നത് യേശു അനുഭവത്തിന്റെ പ്രഥമ തലം തന്നെയാണ്. ആകർഷകമായ ക്ലാസ്സ് അനുഭവങ്ങളിലൂടെയും, വിശ്വാസ തീക്ഷ്ണതയുള്ള മതാദ്ധ്യാപകരിലൂടെയും, വിവിധങ്ങളായ പഠന ഉപകരണങ്ങളിലൂടെയും നാം ഈശോയെ പകർന്നുകൊടുക്കണം. ഈ അറിവിൽ നിന്നാണ് ദൈവാനുഭവമുള്ള ജീവിതം നയിക്കുക എന്ന രണ്ടാമത്തെ തലത്തിലേയ്ക്ക് വരുന്നത്.

**ഈശോയിൽ ജീവിക്കുക (Behavioural Realm):** പഠിച്ചറിഞ്ഞ ഈശോയെ ജീവിതമാക്കി മാറ്റുവാൻ തക്കവിധം സ്വഭാവസവിശേഷതകൾ, കൂദാശകളുടെ സ്വീകരണം, സഭാത്മക ജീവിതം എല്ലാം പ്രായോഗികതലത്തിൽ പരിഗണനാ വിഷയങ്ങളാകണം.

**ഈശോയെ പകർന്നു നൽകുക (Praxis Realm):** അറിയുകയും ജീവിക്കുകയും ചെയ്താൽ മാത്രം പോരാ, അത് പകർന്നുനൽകുകയും വേണം. ഇത് വലിയ വെല്ലുവിളിയുടെ തലമാണ്. "നീ പൂർണനാകാൻ ആഗ്രഹിക്കുന്നു എങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക". ദൈവം ദാനമായി നൽകിയതെന്തും അത് ബുദ്ധിയോ പണമോ ആരോഗ്യമോ എന്തുമാകട്ടെ മറ്റുള്ളവർക്കായി വ്യയം ചെയ്യുമ്പോൾ മാത്രമാണ് വിശ്വാസപരിശീലനം പൂർണമായി എന്നു പറയാനാവൂ. പാവങ്ങളോട് പക്ഷം ചേരാനും, കാരുണ്യപ്രവർത്തനങ്ങളിൽ, രോഗികളേയും ആലംബഹീനരേയും ആരോരുമില്ലാത്തവരേയും ആർദ്രതയോടെ വീക്ഷിക്കുവാനും കുട്ടികളെ പ്രചോദിപ്പിക്കുക എന്നതാണ് ഈശോയെ പകർന്നു കൊടുക്കുക എന്നതിലൂടെ വിവക്ഷിക്കുന്നത്.

ഈശോയെ അറിയുക, പഠിക്കുക... പഠിച്ചതു ജീവിക്കുക... ജീവിക്കുന്നതു പകർന്നു നൽകുക എന്നീ മൂന്നു ഘടകങ്ങളും വിശ്വാസ പരിശീലനക്കളരി പൂർണതയിലെത്താൻ അനിവാര്യമാണ്. വിശുദ്ധ ലൂക്കായുടെ സുവിശേഷം പത്തൊമ്പതാം അദ്ധ്യായത്തിലെ വിവരണത്തിൽ സക്കേവൂസ് വിശ്വാസ പരിശീലനത്തിന്റെ ഈ മൂന്നു ഘട്ടങ്ങളും പിന്നിടുന്നതുകാണാം. ഈശോയെ അറിയാൻ - പഠിക്കാൻ - ആഗ്രഹിക്കുന്ന സക്കേവൂസിനെയാണ് ആദ്യം കാണുന്നത് (ലൂക്ക 19:3-4). തുടർന്ന്, കണ്ടുമുട്ടിയ ഈശോയെ തന്റെ വീട്ടിലേക്ക് ക്ഷണിച്ച് ജീവിതത്തിന്റെ ഭാഗമാക്കുകയും

(ലൂക്ക 19:5-6) അപ്രകാരം ജീവിക്കുന്ന അവൻ തനിക്കുള്ളതിൽനിന്ന് പകർന്നുനൽകുകയും ചെയ്യുന്നു (ലൂക്ക 19:8). അവിടെയാണ് വിശ്വാസ പരിശീലനത്തിന്റെ ക്ലൈമാക്സ് "ഇന്ന് ഈ ഭവനത്തിനു രക്ഷ കൈവ ന്നിരിക്കുന്നു" (ലൂക്ക 19:9). ഈ ക്ലൈമാക്സാണ് വേദപാഠം പഠിക്കുന്ന ഓരോ കുട്ടിയിലും സംഭവിക്കേണ്ടത്. യേശുക്രിസ്തുവിന്റെ രക്ഷയിലേക്ക് അവർ കടന്നുവരണം. നമ്മൾ കുട്ടികളെ വേദപാഠത്തിനയയ്ക്കുന്നത് ഗ്രേസ് മാർക്കിനോ, സർട്ടിഫിക്കറ്റിനോ, സ്കൂൾ-കോളേജ് അഡ്മിഷനോ വേണ്ടി ആവരുത്. മറിച്ച്, കർത്താവായ ഈശോയുടെ രക്ഷ അവരിൽ ഉണ്ടാകാനാവണം.

വിശ്വാസപരിശീലനം എന്ന സഭാസംവിധാനം ഊർജ്ജസ്വലമാക്കാൻ സഭ യോടും സഭാസംവിധാനങ്ങളോടുമൊപ്പം രണ്ടു പ്രധാന ഘടകങ്ങൾകൂടി സജീവമാകേണ്ടതുണ്ട്. ഒന്നാമതായി, മാതാപിതാക്കൾ നൽകുന്ന - നൽകേണ്ട സജീവ പങ്കാളിത്തമാണ്. കുടുംബം എന്ന പ്രഥമ വിശ്വാസ പരിശീലന കളരിയിൽനിന്ന് ലഭിക്കുന്ന അടിസ്ഥാന വിശ്വാസ പ്രമാണ ങ്ങളാണ് ഏതൊരു വ്യക്തിയുടെ ജീവിതത്തിലും വെളിച്ചമായി നിൽക്കേ ണ്ടത്. അവിടെ അവർക്കു ലഭിക്കുന്നതിനെ ഊട്ടിയുറപ്പിക്കുക മാത്രമാണ് മതബോധനക്ലാസ്സുകളിൽ സംഭവിക്കുന്നത്. വിശ്വാസത്തിലും ദൈവിക തയിലും പ്രാർത്ഥനയിലും പെരുമാറ്റത്തിലും സത്യസന്ധതയിലും നീതി ബോധത്തിലും അടിസ്ഥാനമിടാതെ ആഴ്ചയിൽ ഒരുദിവസം മാത്രം, അതും ഒന്നര മണിക്കൂർ മാത്രം നീണ്ടുനില്ക്കുന്ന വിശ്വാസപരിശീലന ക്ലാസ്സുകൾകൊണ്ട് എല്ലാം ശരിയാകും എന്നു ചിന്തിക്കുന്നത് എത്രയോ മൗഢ്യമാണ്.

നമ്മുടെ മാതാപിതാക്കൾ സാമാന്യമായി കുട്ടികളെ വിശ്വാസ പരിശീലന ക്ലാസ്സുകളിൽ അയയ്ക്കുന്നതിൽ നിഷ്കർഷയുള്ളവരാണ്. മാതാപിതാ ക്കൾക്ക് കൃത്യമായ വിശ്വാസപരിശീലന സങ്കൽപമുണ്ടാകണം. വേദപാഠ ത്തിന്റെ സർട്ടിഫിക്കറ്റിനുവേണ്ടിയോ ഏതെങ്കിലും സീറ്റ് തരപ്പെടുത്താനോ ഒന്നുമല്ല നാം മക്കളെ വിശ്വാസപരിശീലനത്തിനയയ്ക്കേണ്ടത്. പിന്നെയോ, വിശ്വാസത്തിലും സന്മാർഗത്തിലും ആഴപ്പെടുത്തുവാനാണ്. വിശ്വാസ പരിശീലന ക്ലാസ്സിലേക്ക് അയക്കുന്നതിന്റെ ലക്ഷ്യം ഭാവിയിൽ കുടുംബ ത്തിന് ആശ്രയവും മാതാപിതാക്കൾക്കു ആശ്വാസവും നാട്ടുകാർക്ക് പ്രിയ ങ്കരരും ആയ നല്ല വ്യക്തികളായി കുട്ടികളെ രൂപപ്പെടുത്തുക എന്നതാണ്. സ്വർഗ്ഗരാജ്യമെന്ന വലിയ ലക്ഷ്യത്തിൽ നമ്മുടെ മക്കൾ എത്തിച്ചേരണം - അപ്പോഴാണ് മാതാപിതാക്കളുടെ പങ്കാളിത്തവും ഉത്തരവാദിത്വവും പൂർണതയിലെത്തുക.

മതബോധനത്തെ സഭ എന്നും അവളുടെ പ്രധാന ദൗത്യങ്ങളിലൊന്നായി ക്കാണുന്നു. രണ്ടാമതായി, വിശ്വാസപരിശീലകർ നൽകുന്ന – നൽകേണ്ട സജീവ പങ്കാളിത്തമാണ്. രൂപതയിൽ മെത്രാന്റെ പ്രബോധനദൗത്യത്തിൽ അദ്ദേഹത്തിന്റെ സഹകാരികളും സഹപ്രവർത്തകരുമായ വികാരിമാരോ ടൊപ്പം പങ്കുചേരുന്നവരാണ് വിശ്വാസപരിശീലകർ. ഈ അർത്ഥത്തിൽ അവർ സഭയുടെ അപ്പസ്തോലികവൃത്തിയിൽ പങ്കുപറ്റുന്നവരാണ്. സഭ യോടൊത്ത് പ്രവർത്തനനിരതരാകുന്ന എല്ലാ മതാദ്ധ്യാപകർക്കും നന്ദിയും ദൈവാനുഗ്രഹവും ഞാൻ നേരുന്നു. അതോടൊപ്പംതന്നെ ഈ മക്കൾ സഭയോടു ചേർന്നു നിൽക്കാനും, വിശ്വാസത്തിൽ ആഴപ്പെടാനും, വികാരി അച്ചനെയും മറ്റു വൈദികരെയും അനുസരിക്കാനും, സത്യസന്ധതയും നീതി ബോധവും പുലർത്താനും, പരസ്പരം ബഹുമാനവും ആദരവും പ്രകടിപ്പിക്കാനും, സർവോപരി, എല്ലാവർക്കും സ്വീകാര്യമായ വ്യക്തിത്വം സ്വായത്തമാക്കാനും മതാദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കണം.

തങ്ങൾ അദ്ധ്യാപകരല്ല മറിച്ച്, വിശ്വാസപരിശീലകരാണ് എന്ന ചിന്ത എന്നും ഉണ്ടായിരിക്കട്ടെ. പലരും ഇതിനെ വിദ്യാഭ്യാസ പ്രക്രിയ മാത്ര മായി കാണുന്നത് വളരെ അപകടകരമാണ്. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാ വത്തിലൂടെ പ്രകടമാക്കുമ്പോഴാണ് വിശ്വാസപരിശീലനം ലക്ഷ്യത്തിലെ ത്തുന്നത്.

2019 മാർച്ച് 25ന് ഫ്രാൻസിസ് മാർപ്പാപ്പ പുറപ്പെടുവിച്ച "ക്രിസ്തു ഇന്നും ജീവിക്കുന്നു" എന്ന അപ്പസ്തോലികലേഖനത്തിൽ ചെറുപ്പക്കാരോട് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നത് ക്രിസ്തു ഇന്നും ജീവിക്കുന്നു... നിങ്ങളും ജീവനുള്ളവരാകുവാൻ അവിടന്ന് ആഗ്രഹിക്കുന്നു (Christ is alive and he wants you to be alive) എന്നതാണ്. വിശ്വാസപരിശീലനത്തിൽ ഭാഗഭാ ക്കുകളാകുന്ന എല്ലാവരോടും എനിക്ക് ഓർമ്മിപ്പിക്കാനുള്ളത് ഇതുത ന്നെയാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഈശോ ഇന്നും ജീവി ക്കുന്നു എന്ന് എല്ലാ കുഞ്ഞുങ്ങളും അനുഭവിച്ചറിയാനും, ഈശോ അവ രിലും വസിക്കാൻ ആഗ്രഹിക്കുന്നു എന്ന വ്യക്തിപരമായ യേശു ബന്ധ ത്തിലേയ്ക്ക് അവരെ നയിക്കാനും സാധിക്കുമ്പോഴാണ് സഭയ്ക്കു വേണ്ടി നമ്മൾ നടത്തുന്ന അപ്പസ്തോലിക ദൗത്യം വിജയകരമായി എന്ന് പറയാനാവൂ. അതിന് കർത്താവ് നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**

............................................

N.B: ഈ ഇടയലേഖനം 2019 ജൂൺ 9-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ 1/19

# അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് പുറപ്പെടുവിക്കുന്ന

# സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

അഭിവന്ദ്യ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ് ദീപ്തമായ ഒരോർമ്മ യായി തീർന്നിട്ട് ഈ വർഷം ജൂൺ 11-ാം തീയതി 25 വർഷം പൂർത്തിയാ കുന്നു. പത്ത് വർഷത്തോളം ആലുവാ സെമിനാരിയിൽ പ്രൊഫസർ, 16 വർഷം എറണാകുളം അതിരൂപതാ സഹായമെത്രാൻ, വികാരി ജനറാൾ, അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ, താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ എന്ന നിലകളിലെല്ലാം അദ്ദേഹം നിർവഹിച്ച നിസ്തുല സേവനത്തിന്റെ ഒരോർമ്മക്കുറിപ്പാണ് ഈ സർക്കുലർ.

മങ്കുഴിക്കരി പിതാവ് ജനിച്ചത് എറണാകുളം അതിരൂപതയിൽപ്പെട്ട ചേർത്തലയ്ക്കടുത്തുള്ള തണ്ണീർമുക്കം ഇടവകയിൽ 1929 മാർച്ച് 2-നാ ണ്. നാട്ടിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം എറണാകുളം പെറ്റി സെമിനാരിയിലും തുടർന്ന്, ആലുവാ സെമിനാരിയിലും വൈദികപ രിശീലനം പൂർത്തിയാക്കി 1955 മാർച്ച് 12-ാം തീയതി വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അസിസ്തേന്തിയായി സേവനമനുഷ്ഠിച്ചുവരവെ ഉപ രിപഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടു. തുടർന്ന്, അദ്ദേഹം റോമിൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ പഠിച്ച് സ്വർണ്ണമെഡൽ നേടി ഡോക്ടറേറ്റ് കരസ്ഥമാക്കി. നോബൽ സമ്മാനജേതാവായ മഹാ കവി ടാഗോറിന്റെ ദാർശനികതയായിരുന്നു അദ്ദേഹത്തിന്റെ ഗവേഷ ണവിഷയം. ടാഗോറിനെ പഠിച്ചതു വഴി ഭാരതത്തിന്റെ ആദ്ധ്യാത്മിക തയുടെ ആഴങ്ങൾ മനസ്സിലാക്കാനുള്ള അവസരം അദ്ദേഹത്തിനു ണ്ടായി. തുടർന്ന് ആലുവാ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വ ശാസ്ത്ര പ്രൊഫസറായി നിയമിക്കപ്പെട്ട അദ്ദേഹം 1964-ൽ ബൽജിയ ത്തുള്ള ലുവെയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നും പ്രശംസനീയമാം വണ്ണം പോസ്റ്റ് ഡോക്ടറേറ്റും കരസ്ഥമാക്കി. പത്തു കൊല്ലത്തോളം അദ്ദേഹം പ്രൊഫസറായി സേവനം ചെയ്തു.

1970 ജനുവരി 6-ന് അദ്ദേഹം എറണാകുളം അതിരൂപതയുടെ സഹായ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവ് 1984-ൽ റിട്ടയർ ചെയ്തപ്പോൾ, മങ്കുഴിക്കരി

പിതാവ് അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി. 1985-ൽ അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടപ്പോൾ മങ്കുഴിക്കരി പിതാവ് അദ്ദേഹത്തിന്റെ സഹായമെത്രാനായി. 1986-ൽ പുതുതായി രൂപീകരിക്കപ്പെട്ട താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനായി നിയമിക്കപ്പെടുന്നതുവരെ 16 വർഷത്തോളം അദ്ദേഹം എറണാകുളം അതിരൂപതയിൽ സേവനം ചെയ്തു. 1994 ജൂൺ 11-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നതുവരെ 8 വർഷക്കാലം താമരശ്ശേരി രൂപതയുടെ സമഗ്രവും സമ്പൂർണ്ണവുമായ വികസനത്തിനായി സ്തുത്യർഹമാംവിധം അജപാലനശുശ്രൂഷ നിർവഹിച്ചു.

സെമിനാരി പ്രൊഫസറായിരുന്നപ്പോൾ ഉണ്ടായിരുന്ന ശിഷ്യഗണം എന്നും ഹൃദയത്തിൽ സ്നേഹാദരവുകളോടെ സൂക്ഷിക്കുന്ന പേരാണ് മങ്കുഴിക്കരി പിതാവിന്റേത്. ഗഹനമായ വിഷയങ്ങൾപോലും വിദ്യാർത്ഥികൾക്ക് മനസ്സിലാകുന്ന രീതിയിൽ ലളിതമായും സരസമായും അവതരിപ്പിക്കാൻ അദ്ദേഹത്തിന് അനിതരസാധാരണമായ കഴിവുണ്ടായിരുന്നു. പണ്ഡിതനായ ഗുരു, ഉത്തമനായ ഒരു സ്നേഹിതൻ, വാത്സല്യനിധിയായ ഒരപ്പച്ചൻ എന്ന നിലകളിലെല്ലാം ശിഷ്യഗണം അദ്ദേഹത്തെ സ്നേഹിച്ചിരുന്നു, ആദരിച്ചിരുന്നു. തത്വശാസ്ത്ര വിഷയങ്ങളിൽ വച്ചു തന്നെ ഏറ്റവും ഗഹനമായ സത്താ ദർശനം (Metaphysics) കാവ്യാത്മകത കലർത്തി, ജീവിതാനുഭവങ്ങളുമായി സമന്വയിപ്പിച്ച്, തത്വശാസ്ത്രത്തിന്റെ ഉന്നതസോപാനങ്ങളിലേയ്ക്ക് വിദ്യാർത്ഥികളെ നയിച്ചുകൊണ്ട് പോകുന്ന ഈ പ്രൊഫസറെ ഇന്നും അത്ഭുതാദരങ്ങളോടെയാണ് ശിഷ്യഗണങ്ങൾ അനുസ്മരിക്കുന്നത്. വി. തോമസ് അക്വീനാസിന്റെ ധൈഷണിക പ്രഭാവവും, വി. അഗസ്തീനോസിന്റെ സ്നേഹവശ്യതയും വി. ജോൺ ക്രിസോസ്തോമിന്റെ പ്രഭാഷണചാതുര്യവും സമന്വയിക്കപ്പെട്ട അപൂർവ വ്യക്തിത്വമായിരുന്നു മങ്കുഴിക്കരി പിതാവിന്റേത്.

എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ എന്ന നിലയിൽ 16 വർഷക്കാലത്തെ അദ്ദേഹത്തിന്റെ സേവനം ഈ അതിരൂപതയുടെ ചരിത്രത്തിൽ ഒളിമങ്ങാതെ നിൽക്കുന്ന ഒരു കാലഘട്ടമാണ്. കർദിനാൾ മാർ ജോസഫ് പാറേക്കാട്ടിൽ പിതാവിനോടും, പിന്നീട് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനോടുമൊപ്പം എറണാകുളം അതിരൂപതയ്ക്ക് സമർത്ഥമായ ഭരണനേതൃത്വം നൽകുന്നതോടൊപ്പം കേരളത്തിന്റെ സാംസ്കാരിക വേദികളിൽ തിളങ്ങുന്ന ഒരു സാന്നിദ്ധ്യമായിരുന്നു മങ്കുഴിക്കരി പിതാവിന്റേത്. ഏതു വിഷയത്തെപ്പറ്റിയും സ്വതസിദ്ധമായ പ്രസംഗശൈലിയോടുംകൂടി ഇംഗ്ളീഷിലോ മലയാളത്തിലോ അയത്നലളിതമായി സംസാരിക്കാൻ കഴിയുന്ന അദ്ദേഹം സാംസ്കാരിക വേദികളിൽ പ്രിയങ്കരനായി മാറി. അതോടൊപ്പം അനീതിയുടെയും

ആർഭാടത്തിന്റെയും അമിതാഘോഷങ്ങളുടെയും വേലിയേറ്റങ്ങൾ കണ്ടാൽ നിർദ്ദാക്ഷിണ്യം ശകാരിക്കാനും, ധീരതയോടെ പ്രതികരിക്കാനും തിരുത്തുവാനും കഴിയുന്ന പ്രവാചകശബ്ദവും കൂടിയായിരുന്നു അദ്ദേഹം. വിട പറഞ്ഞിട്ട് നാളേറെയായെങ്കിലും ഇന്നും അദ്ദേഹത്തെ ഹൃദയത്തിൽ വച്ച് ആദരവിന്റെ പൂമാലകൾ അർപ്പിക്കുന്ന ഒട്ടേറെ പേരുണ്ട് എറണാകുളത്തും പരിസരങ്ങളിലും.

നവജാത താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാൻ എന്ന നിലയിൽ ബാലാരിഷ്ടതകളിൽ ആ രൂപതയെ കൈപിടിച്ചു നടത്തുവാനുള്ള ത്യാഗപൂർണ്ണമായ ദൗത്യമാണ് അദ്ദേഹത്തിന് നിർവഹിക്കാൻ ഉണ്ടായത്. എന്നാൽ, കുറഞ്ഞൊരു കാലംകൊണ്ട് ഒരു രൂപതയ്ക്ക് വേണ്ട എല്ലാ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുകയും കേരളത്തിന്റെ മറ്റേതൊരു രൂപതയോടും ഒപ്പം നിൽക്കാൻ കെൽപ്പുള്ള ഒന്നാക്കി അതിനെ മാറ്റുകയും ചെയ്തു എന്നുള്ളതാണ് അദ്ദേഹത്തിന്റെ നേട്ടം. ഒരു ചെറിയ ഓടിട്ട വീട്ടിൽ താമസിച്ചുകൊണ്ട് രൂപതാഭരണം തുടങ്ങിയ അദ്ദേഹം ചെറിയ കാലയളവിനുള്ളിൽ രൂപതാമന്ദിരം, സെമിനാരി, പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, വൈദിക മന്ദിരം, ബഥാനിയ ധ്യാനകേന്ദ്രം, മതബോധനകേന്ദ്രം, നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അനാഥാലയങ്ങൾ എന്നിങ്ങനെ ആരെയും വിസ്മയിപ്പിക്കത്തക്കവണ്ണം ഒട്ടേറെ കാര്യങ്ങൾ പൂർത്തിയാക്കി. കൂടാതെ, കോൺവെന്റുകൾ, ഭക്തസംഘടനകൾ, സോഷ്യൽ സർവീസ് സെന്റർ, ട്രൈബ്യൂണലുകൾ തുടങ്ങി രൂപതയെ സ്വയംപര്യാപ്തമാക്കാൻ ആവശ്യമായതെല്ലാം അദ്ദേഹം ചെയ്തു.

താമരശ്ശേരി രൂപതയിലെ അദ്ദേഹത്തിന്റെ ഭരണകാലം ഏറ്റവും അധികം ഓർമ്മിക്കപ്പെടുന്നത് ജാതിമതഭേദമില്ലാതെ എല്ലാവരിലേയ്ക്കും ഒരു പോലെ ഇറങ്ങി ചെല്ലാൻ അദ്ദേഹം കാണിച്ച ആർജ്ജവത്തിന്റെ പേരിലാണ്. ഹിന്ദുക്കളും മുസ്ലീങ്ങളും തങ്ങളുടെയും കൂടി പിതാവായി അദ്ദേഹത്തെ പരിഗണിച്ചിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മൃതസംസ്കാരവേളയിൽ പങ്കെടുത്തവരിലേറെയും ഇതരമതസ്ഥരായിരുന്നു.

കഴിവുറ്റ വാഗ്മി, പ്രഗത്ഭനായ ചിന്തകൻ, അനുഗ്രഹീതനായ സാഹിത്യകാരൻ, ബഹുമുഖപ്രതിഭ, വിനയാന്വിതമായ ജീവിതത്തിനുടമ, കാര്യപ്രാപ്തിയുള്ള ഭരണാധികാരി എന്നീ നിലകളിലെല്ലാം സ്വന്തമായ വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിഞ്ഞയാളാണ് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവ്.

ജീവിച്ചിരുന്ന കാലത്ത് ഒരു വൈദികൻ എന്ന നിലയിലും, മെത്രാൻ എന്ന നിലയിലും, കേരളത്തിൽ അങ്ങോളം ഇങ്ങോളം മുഴങ്ങികേട്ട ഒരു

ഘനഗംഭീരശബ്ദമായിരുന്നു മങ്കുഴിക്കരി പിതാവ്. അത് സനാതന മൂല്യങ്ങളുടെ ഉണർത്തുപാട്ടും സങ്കുചിത മനോഭാവങ്ങൾക്കെതിരെയുള്ള ചാട്ടവാറടിയും അനീതിക്കെതിരെയുള്ള പ്രവാചക ശബ്ദവുമായിരുന്നു. മണിക്കൂറുകളോളം സദസ്യരെ പിടിച്ചിരുത്തുകയും, ചിരിപ്പിക്കുകയും, ചിന്തിപ്പിക്കുകയും ചെയ്യാൻ കഴിഞ്ഞിരുന്ന ഒരപൂർവ്വ വാഗ്മി, വിനയാന്വിതമായ പെരുമാറ്റം കൊണ്ടും ആത്മാർത്ഥമായ ഇടപെടലുകൊണ്ടും ഹൃദ്യമായ സംഭാഷണ ശൈലി കൊണ്ടും ആരെയും പെട്ടെന്ന് ആകർഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കേരളസഭയുടെ ചക്രവാളത്തിൽ അപൂർവ്വ സൗന്ദര്യത്തോടെ വിരിഞ്ഞ ഈ തേജോഗോളം ഇനിയും അനേകായിരങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശം ചൊരിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും, ആ പാവനാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും,

നിങ്ങളുടെ വത്സലപിതാവ്,

**മാർ ജേക്കബ് മനത്തോടത്ത്**
എറണാകുളം-അങ്കമാലി അതിരൂപതാ അപ്പസ്തോലിക്ക് അഡ്മിനിസ്ട്രേറ്റർ

...........................................

N.B: 2019 ജൂൺ 2-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുന്നതിനായി നൽകിയ സർക്കുലർ

## മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ 25-ാം ചരമവാർഷികം



**2019 ജൂൺ 11-ാം തീയതി ചൊവ്വാഴ്ച** വൈകുന്നേരം 6.00 മണിക്ക് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ അഭിവന്ദ്യ പിതാവിനുവേണ്ടി സമൂഹബലിയും അനുസ്മരണ പ്രാർത്ഥനയും ഉണ്ടായിരിക്കും. അന്നേദിവസം പിതാവിനുവേണ്ടി പള്ളികളിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്നോർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്**



*നസ്രായന്റെ കൂടെ - 6*

# ഇടുങ്ങിയ വഴിയുടെ മാഹാത്മ്യങ്ങളിലൂടെ...

“വിവാഹം നടന്നത് തൃപ്പൂണിത്തുറ ഫൊറോനാ പള്ളിയിലാണ്. അന്നെനിക്ക് 19 വയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളു.” അമ്മച്ചി ദീർഘനിശ്വാസത്തോടെ മാർട്ടിനോട് പറയുകയാണ്. പക്ഷപാതം വന്ന അമ്മച്ചിക്ക് 57 വയസേ ഉള്ളൂ. പക്ഷേ, ഒരു 80 വർഷം ജീവിച്ച് തീർത്തതിന്റെ ക്ഷീണം. ബി.എസ്.സി. ക്ക് രണ്ടാംവർഷ വിദ്യാർത്ഥിയായ മാർട്ടിൻ അടുത്തുള്ള കട്ടിലിൽ കിടന്ന് അമ്മച്ചിയുടെ കഥകൾ കേൾക്കുകയാണ്. അപ്പൻ അടുത്തമുറിയിൽ ബീഡിയും വലിച്ച് അലസനായി ഇരിക്കുന്ന കാര്യം മാർട്ടിന്റെ മനസിന്റെ പുറകിലത്തെ വാതായനത്തിൽ ഉണ്ട്. അമ്മച്ചി തുടർന്നു. “സൈക്കിളിൽ മീൻകൊണ്ടു പോയി വിൽക്കുന്ന നിന്റെ അപ്പന് എന്നെ കെട്ടിച്ച് കൊടുക്കുവാൻ എന്റെ ആങ്ങളമാർക്ക് അത്ര മനസുണ്ടായിരുന്നില്ല. പക്ഷേ, ഞങ്ങൾ നാലു പെൺകുട്ടികൾ: ഒന്നിന് പുറകെ ഒന്നായി. അതുകൊണ്ട് തന്നെ ആങ്ങളമാർ തങ്ങളുടെ പാങ്ങിനൊത്ത് എല്ലാം നടത്തി, ആഘോഷപൂർവ്വം എന്നെ ഇങ്ങോട്ട് പറഞ്ഞുവിട്ടു. എനിക്കും സന്തോഷമായി. ഗ്രാമത്തിൽനിന്ന് തൃപ്പൂണിത്തുറ എന്ന നഗരത്തിലേക്കുള്ള ചേക്കേറ്റം.”

മേരിക്കുട്ടിക്ക് പക്ഷാഘാതം വന്നിട്ട് മൂന്ന് വർഷമാകുന്നു. മേരിക്കുട്ടിയുടെയും ജോസഫിന്റെയും ദാമ്പത്യവല്ലരിയിൽ മൂന്ന് റോസാപൂക്കൾ: സിസിലി, ആൻസി, മാർട്ടിൻ. സിസിലി ഒരു സന്ന്യാസിനിയായി സേവനം ചെയ്യുന്നു. ആൻസിയെ മൂന്ന് വർഷം മുൻപ് കല്യാണം കഴിച്ച് വിട്ടു. ഇനിയുള്ളത് മാർട്ടിനാണ്. അവനാണങ്കിലോ വിദ്യാർത്ഥിയും. മൂന്ന് സെന്റിൽ ഓടിട്ടവീട്. മൂന്ന് കൊച്ച് മുറികളും വരാന്തയും അടുക്കളയും. ഒരു മുറി എന്നും അപ്പന് സ്വന്തം. അപ്പന്റെ സാമ്രാജ്യമാണവിടെ. മീൻ വില്പനക്കാരനായിരുന്നു അപ്പൻ. അടുത്ത കാലങ്ങളിൽ സൈക്കിൾ മാറ്റി സ്കൂട്ടറിലാണ് കച്ചവടം.

ബി.എസ്.സി. വിദ്യാർത്ഥിയായ മാർട്ടിൻ വീടിന്റെ ഉത്തരവാദിത്വം സാവധാനം ഏറ്റെടുത്തു. അമ്മയെ കുളിപ്പിക്കണം, വസ്ത്രങ്ങൾ അലക്കണം, ആഹാരമുണ്ടാക്കണം, വീട് വൃത്തിയായി സൂക്ഷിക്കണം. അമ്മയെ കാണുവാൻ വരുന്ന അതിഥികളെ സത്ക്കരിക്കണം. മാർട്ടിന് ഒരു തീരു

മാനമെടുക്കേണ്ടി വന്നു. കലാലയത്തോട് വിടപറഞ്ഞേ പറ്റൂ. വരുമാനമില്ല; സമയമില്ല; സാവകാശമില്ല. പ്രിൻസിപ്പാൾ ഒരു കുടുംബിനിയായിരുന്നു. മാർട്ടിന്റെ കഥകൾ അവർ കേട്ടു. അവനെ ആശ്വസിപ്പിച്ചു. പഠനം തുടരുവാൻ നിർബന്ധിച്ചു. കോളേജിലെ ചിലവുകൾ താൻ ഏറ്റെടുത്തുകൊള്ളാമെന്ന് പറഞ്ഞു. പക്ഷേ, മാർട്ടിന്റെ ജീവിത പ്രശ്നങ്ങൾ അതിലും വലുതായിരുന്നു. അലസനായ അപ്പൻ, രോഗിയായ അമ്മ, വരുമാനമില്ലാത്ത വീട്ടുസാഹചര്യം. പരിരക്ഷ ആവശ്യമുള്ള അമ്മയുടെ കൂടെ നിൽക്കുവാൻ ആരുമില്ലാത്ത അവസ്ഥ. പഠനത്തിൽ മിടുക്കനായ ആ ചെറുപ്പക്കാരൻ, കണ്ണുനീരണിഞ്ഞ മനസ്സോടെ കലാലയത്തിന്റെ പടികളിറങ്ങി. ജീവിതത്തിന്റ അനാഥത്വങ്ങളിലേക്ക്; മോഹങ്ങളില്ലാത്ത തന്റെ ജീവിത സാഹചര്യങ്ങളിലേക്ക്. പക്ഷെ, ഒന്ന് എന്നും അവന് കൈമുതലുണ്ടായിരുന്നു, അമ്മ പകർന്നുകൊടുത്ത ആഴമേറിയ വിശ്വാസം. താങ്ങില്ലാത്തവർക്ക് എന്നും താങ്ങായി നിൽക്കുന്ന ആ വലിയ തമ്പുരാന്റെ കരം തന്നെതാങ്ങുമെന്ന് അവനറിയാമായിരുന്നു.

വീട്ടിലേക്ക് മടങ്ങിയെത്തിയ മാർട്ടിൻ അപ്പന്റെ സ്കൂട്ടർ പൊടി തട്ടിയെടുത്തു. കഴുകി വൃത്തിയാക്കി. കെ.സി.വൈ.എം. ലെ ചെറുപ്പക്കാർ നൽകിയ അയ്യായിരം രൂപയുമായി മീൻ മാർക്കറ്റിലേക്കു ചെന്ന് അതിരാവിലെ ഫോർമലിൻ ഇടാത്ത പിടയ്ക്കുന്ന മീനിനെയാണ് മാർട്ടിൻ വാങ്ങിയത്. അപ്പന്റെ റൂട്ട് മാർട്ടിനറിയാമായിരുന്നു. പല വീട്ടുകാരും മാർട്ടിനെ കണ്ട് അമ്പരന്നു. പഠിക്കുവാൻ പോയിക്കൂടെ എന്ന വാത്സല്യപൂർവ്വകമായ ഉപദേശവും. “എല്ലാ ദിവസവും കൊണ്ടുവരുമോ, അതോ, അപ്പന്റെ കൂട്ട് ചിട്ടയില്ലാത്ത പരിപാടിയാകുമോ?” മാർട്ടിന് രണ്ട് കാര്യങ്ങളെ പറയുവാനുണ്ടായിരുന്നുള്ളൂ – “എല്ലാ ദിവസവും കൃത്യസമയത്ത്, രാസവസ്തുക്കൾ ഇടാത്ത മീൻ എത്തിച്ച് തരും. തന്റെ ആങ്ങള വീട്ടിൽ മീൻ കച്ചവടത്തിനിറങ്ങിയതറിഞ്ഞ് കന്യാസ്ത്രീ പെങ്ങൾ ഫോണിൽ വിളിച്ച് വലിയ വായിൽ കരഞ്ഞു. വിവാഹിതയായ പെങ്ങൾ ജീവിതത്തിന്റെ ആഴമേറിയ നൊമ്പരങ്ങൾ അറിഞ്ഞവളായിരുന്നു. മരത്തിൽ നിന്ന് വീണ് നട്ടെല്ല് തകർന്ന് കിടക്കുന്ന ഭർത്താവ്, ഭർത്താവിന്റെ രോഗിയായ അപ്പൻ, കലപില പറയുന്ന ഇരട്ടകുട്ടികൾ. അവൾ പറഞ്ഞു: “ആങ്ങളേ, അദ്ധ്വാനിക്കുന്നതിൽ എന്ത് നാണക്കേട്, ഈ പെങ്ങൾ കൂടെയുണ്ട്. കണ്ണീരണിഞ്ഞ ക്രൂശിതന്റെ തനിയാവർത്തനമല്ലേ ഈ ജീവിതം മുഴുവൻ.”

ഈ മാസം ആറു വർഷം കഴിയുന്നു. ആദ്യത്തെ മീൻ കച്ചവടം തുടങ്ങിയിട്ട്. ഇപ്പോൾ ആ പ്രദേശത്തുള്ള എല്ലാ വലിയ ഓർഡറുകളും മാർട്ടിന് സ്വന്തം. മത്സ്യം സ്ഥിരമായി വില്ക്കുന്ന ഒരു കടയുടെ ഉടമകൂടി

യാണ് മാർട്ടിൻ. മൂന്ന് തൊഴിലാളികളുടെ കുടുംബങ്ങൾക്കും അത്താണിയായി മാർട്ടിൻ നില്ക്കുന്നു. രണ്ടുകാര്യങ്ങൾ ഇന്നും വളരെ നിർബന്ധം. പറഞ്ഞകാര്യം പറഞ്ഞ സമയത്തിന്. കൊടുക്കുന്ന ഉല്പന്നം രാസവസ്തുക്കൾ ഇടാത്ത, മനുഷ്യന് ആരോഗ്യം നല്കുന്ന നല്ല ആഹാരവസ്തു. അമ്മച്ചിയുടെ ആരോഗ്യം മെച്ചപ്പെട്ടു. അപ്പൻ പഴയ സ്വഭാവം തന്നെ. എങ്കിലും, മാർട്ടിനെ കാണുമ്പോൾ മന്ദഹസിക്കും. തന്റെ മകൻ തന്നെ ആദരവോടെ കാണുന്നു എന്നത് അപ്പന് വിശ്വസിക്കാനേ സാധിക്കുന്നില്ല.


32 വയസുള്ള മാർട്ടിൻ ഇപ്പോൾ കെ.സി.വൈ.എം. ഭാരവാഹിയാണ്. ചർച്ച മൂക്കുമ്പോൾ, അവർ ഇടയ്ക്ക് കളിയാക്കും. മാർട്ടിന് ചില മീനിന്റെ സ്വഭാവം. പിടിച്ചാൽ വഴുതിപോകും. കല്യാണത്തിന്റെ പ്രശ്നമാണ് അവരുടെ മുൻപിൽ. "ചേട്ടൻ കല്യാണം കഴിച്ചിട്ട് വേണം ഞങ്ങൾക്ക് കല്യാണം കഴിക്കുവാൻ. അവർ പറയും. മാർട്ടിന് കുലുക്കമില്ല. അവൻ ചിരിച്ചുകൊണ്ടിരിക്കും. അത്രമാത്രം. ജീവിതത്തിന്റെ ഭാരങ്ങൾ അവന്റെ ചുമലിൽ. ആ വഴിയിൽ ഇതുവരെ ഒരു ശിമയോനെയോ, വെറോനിക്കായേയോ അവൻ കണ്ടുമുട്ടിയിട്ടില്ല. കർത്താവ് അവരെ അയയ്ക്കും എന്ന പ്രതീക്ഷയിൽ മാർട്ടിൻ കഴിയുന്നു. ദൈവത്തോട് പരാതിയില്ലാതെ.

നസ്രസിലെ ആ ചെറുപ്പക്കാരനാണ് നമ്മുടെ മുൻപേ നടന്നവൻ. അവൻ ലോകത്തിന്റെ മൂല്യങ്ങൾ തകിടം മറിച്ച് ദൈവികമൂല്യങ്ങൽ ലോകത്ത് നിവേശിപ്പിച്ചു. ദൈവിക മൂല്യങ്ങൾ വളരുന്നത് വളരെ സാവധാനമാണെന്ന് അവൻ നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. ലോകത്തിന്റെ മായകളിൽ പെടാതെ, തുരുമ്പെടുക്കാത്ത നിക്ഷേപം നടത്താൻ അവൻ അണികളെ ഉദ്ബോധിപ്പിച്ചു. ആ അണികളുടെ അനുയാത്ര ഇന്നും തുടരുന്നു. അവർ ചെറിയ അജഗണമാണ്. ചൂട്കറ്റയുടെ വെളിച്ചത്തിൽ ഇഴുക്കുള്ള ജീവിത വരമ്പുകളിലൂടെ കാൽ തെറ്റാതെ മുന്നേറുന്നവർ. അവരാണ് ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമെന്ന് ആ തച്ചനറിയാമായിരുന്നു. ആ പാതയിലൂടെയാണ് മാർട്ടിന്റെ വഴി നടത്തവും.

നമ്മുടെ മുൻപിൽ അനേകം വഴികൾ. ചിലത് വലിയ തരത്തിൽ മോഹിപ്പിക്കുന്നതും അധിക വിസ്തീർണ്ണമുള്ളതും. ഇടുങ്ങിയ വഴിയാണ് നസ്രായന് പഥ്യം. ആ ഇടുങ്ങിയ വഴിയിലാണ് പീഡാസഹനത്തിന്റെ മാധുര്യമുള്ള ഓർമ്മയും, ഉത്ഥാനത്തിന്റെ ആർപ്പുവിളികളും. ആ വഴികളിലേക്ക് മോഹം ജനിപ്പിക്കുന്ന രീതിയിൽ നമ്മുടെ പ്രാർത്ഥനകളെ തിരിച്ച് വിട്ടാലോ?

**സെബാസ്റ്റ്യൻ പിതാവ്**

# പിതാക്കന്മാരുടെ ശുശ്രൂഷകൾ



## Mar George Cardinal Alencherry
**Archbishop**

### JUNE 2019

| | | |
|---|---|---|
| 1 | Aluva | Inauguration of 175th Founder's Day Celebrations of YMCA Movement and Thanks - Giving Service |
| 2 | Aranattukara | Jubilee Celebration - Bishop Antony Chirayath |
| 3 | Mangalappuzha<br>Vadavathoor | Academic Year Inauguration - St. Joseph's Seminary<br>Academic Year Inauguration-St.Thomas Seminary |
| 4 - 6 | K.C.B.C. Meeting | |
| 8 | Thrissur | M.M.B. Generalate - Jubilee |
| 11 | Thamarasserry | 25th Death Anniversary - Bp. Mankuzhikkary |
| 12 | Muvattupuzha | Inauguration of Public Meeting, Instillation of Bishop Yoohanon Mar Theodocious |
| 13 | Kakkanad | First Holy Communion |
| 19 | Mount St. Thomas | C.L.C. Meeting - Inauguration |



## Mar Jacob Manathodath
**Apostolic Administrator**

### JUNE 2019

| | | |
|---|---|---|
| 01-02 | Palakkad | |
| 04 - 06 | P.O.C. | K.C.B.C. |

| | | | |
|---|---|---|---|
| 09 | | Ramanathapuram | |
| 10 - 11 | | Palakkad | |
| 11 | pm | Basilica, Ekm. | Holy Mass - Death Anniversary of Bp. Sebastian Mankuzhikkary |
| 19 | | Palakkad | |
| 13 | am | Achinakom | Holy Mass |
| 15 | am | Thanneermukkom | Holy Mass |
| 16 | am | Basilica, Angamaly | Holy Mass |
| 17 | | Palakkad | |
| 20 - 23 | | Palakkad | |
| 28 - 30 | | Palakkad | |

## JULY 2019

| | | | |
|---|---|---|---|
| 03 - 04 | | Palakkad | |
| 07 - 08 | | Palakkad | |



## Mar Sebastian Adayanthrath

### Auxiliary Bishop

## JUNE 2019

| | | | |
|---|---|---|---|
| 1 | am | Edakkunnu | Holy Mass, Priests' Home |
| 2 | am | N. Thuravoor | Holy Mass |
| | pm | Pattanam | Holy Mass & Parish Declaration |
| 3 | am | Bishop's House | Board Meeting - Vaikom Welfare |
| | pm | Bishop's house | Board Meeting - Madonna Charitable Trust |
| 4 | am | Thannirmukkom | Blessing, New Academic Year Inauguration |
| 04-06 | | P.O.C. | K.C.B.C. |
| 7 | am | Bishop's House | Board Meeting - Corporate Education Agency |
| 8 | am | Basilica, Ekm. | Betrothal |
| | | Basilica, Ekm. | First Holy Communion (Private) |
| | pm | Renewal Centre | Academic Year Inauguration |
| 9 | am | Kandanad | Holy Mass & Jubilee - Br. Antony Painumkal |
| 10 | pm | Bishop's House | Board Meeting - Welfare, Ponnurunni |

| | | | |
|---|---|---|---|
| 11 | pm | Bishop's House | Board Meeting - Viani |
| | | Basilica, Ekm. | Holy Mass - Death Anniversary of Bp. Sebastian Mankuzhikkary |
| 12 | am | Niveditha | Visit - Priests attending the Annual Retreat |
| 13 | | Prayer Day | |
| 14 | am | Vijo Bhavan | Holy Mass |
| 15 | am | Karingachira | Meeting - *Sanithyam* |
| 16 | am | Mevelloor | Holy Mass & Meeting |
| 18 | pm | Lisie Hospital | Board Meeting |
| 19 | am | Niveditha | Visit - Priests attending the Annual Retreat |
| | pm | Edayazham | Blessing of Houses |
| 21 | pm | Angamaly | L.F. Hospital - Board Meeting |
| 22 | am | Renewal Centre | Meeting - Judith Forum |
| | pm | Meloor | Golden Jubilee - St. Thomas Hospital |
| 23 | am | Attara | Holy Mass & Meeting |
| | pm | Basilica, Ekm. | Youth Meet |
| 25 | am | Bishop's House | Board Meeting - Assisi School, Athani |
| | pm | Bishop's House | Board Meeting - S.H. Seminary |
| 26 | am | Niveditha | Visit - Priests attending the Annual Retreat |
| | am | Bishop's House | Board Meeting - Mar Louis |
| 27 -29 | | Mangalore | Seminary Visit |

## JULY 2019

| | | | |
|---|---|---|---|
| 1 | pm | Bishop's House | *Niyamasamhitha* - Meeting |
| 2 | am | Bishop's House | Board Meeting - N.S.M., Cherthala |
| | pm | Bishop's House | Board Meeting - Naipunnya, Edakunnu |
| 3 | am | Kottakkavu | St. Thomas Day & Common Baptism |
| 4 | am | Bishop's House | Corporate Education Agency |
| | pm | Basilica, Ekm. | Betrothal |
| 5 | pm | Bishop's House | Board Meeting - Naipunnya, Kochi |
| 6 | am | Vijo Bhavan | Holy Mass |
| 7 | am | Thabore | Holy Mass & Meeting |
| | pm | Manjapra | Baptism - 4$^{th}$ Child |
| 8 | pm | Bishop's House | Board Meeting - St. Michel's School, Kolengai |
| 9 | am | Niveditha | Visit - Priests attending the Annual Retreat |
| 10 | am | Mevelloor | Holy Mass & Jubilee - Sr. Therese SABS |



## Mar Jose Puthenveettil
### Auxiliary Bishop

## JUNE 2019

| | | | |
|---|---|---|---|
| 1 | am | Kalady | Babyshine |
| | pm | S.H. Seminary | Academic Year Inauguration |
| 3 | am | Chunangamvely | Blessing - M.S.J. Sisters |
| 04-06 | | P.O.C. | K.C.B.C. |
| 7 | am | Subodhana | Meeting |
| 8 | am | Edappally | Holy Mass |
| | pm | Renewal Centre | Award Ceremony |
| 9 | am | Kalady | Holy Mass & Confirmation, Pentecost Zonal Programme |
| 10 | pm | Basilica, Ekm. | Bible class - Inauguration |
| 11 | pm | Basilica, Ekm. | Holy Mass - Death Anniversary of Bp. Sebastian Mankuzhikkary |
| 12 | pm | Arookutty | Holy Mass |
| 13 | am | Niveditha | Holy Mass - Annual Retreat of Priests |
| 14 | pm | Renewal Centre | Meeting |
| 15 | am | Renewal Centre | Samanawya - Meeting |
| | pm | Pongam | NIMIT - Meeting |
| 16 | am | Nedungad | Holy Mass & Altar Blessing |
| 20 | am | Niveditha | Holy Mass - Annual Retreat of Priests |
| 22 | pm | Renewal Centre | Message - Judith Forum Meeting |
| | pm | Chittoor | ABIDE |
| 23 | am | Basilica, Ekm. | Youth Meet |
| 26 | | Kottayam | Seminary Commission |
| 27 | am | Niveditha | Holy Mass - Annual Retreat of Priests |
| 28 | pm | Ponekkara | Holy Mass |
| 29 - July 01 | | Chennai | |

## JULY 2019

| | | | |
|---|---|---|---|
| 1 | pm | Bishop's House | *Niyamasamhitha* - Meeting |
| 3 | am | Chembu | Holy Mass |
| | pm | Muttom | Baptism |
| 6 | am | Jeevalaya | Babyshine |
| 7 | am | Basilica, Ekm. | Holy Mass |

* * * * *

# കച്ചേരിക്കാര്യം

## നാമഹേതുകത്തിരുനാൾ

ജൂലൈ 3-ാം തീയതി നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ തോമസ് ചക്യത്ത് പിതാവിന് അതിരൂപതയുടെ പേരിൽ സ്നേഹനിർഭരമായ ആശംസകളും പ്രാർത്ഥനകളും നേരുന്നു. അന്നേദിവസം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്**

## വിയാനി ഡേ

വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ **വിശുദ്ധ ജോൺ മരിയ വിയാനി**യുടെ തിരുനാൾ ആഗസ്റ്റ് 1-ാം തീയതി **വ്യാഴാഴ്ച 10.30-ന് എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ** ആഘോഷിക്കുന്നു. അന്നേ ദിവസം ജൂബിലേറിയൻസിനെ പ്രത്യേകം ആദരിക്കുന്നതാണ്.

നമ്മുടെ അതിരൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരേയും പ്രത്യേകിച്ച്, ഈ വർഷം സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്ന വൈദികരേയും ഈ ആഘോഷത്തിലേക്കു ഹാർദ്ദമായി ക്ഷണിക്കുന്നു. വിശുദ്ധ കുർബാനയിലും, മീറ്റിംഗിലും പങ്കുചേരുന്നതിന് ബഹു. അച്ചന്മാർ കൃത്യ സമയത്തുതന്നെ എത്തിച്ചേരുമല്ലോ.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്**

## കച്ചേരി അവധി

ബഹു. വൈദികരുടെ വാർഷികധ്യാനത്തോടനുബന്ധിച്ച് കുർബാന കണക്കു പുസ്തകങ്ങളുടെ പരിശോധന നടക്കുന്നതിനാൽ ധ്യാനദിവസങ്ങളിൽ അതിരൂപതാ കച്ചേരിക്ക് അവധിയായിരിക്കും.

**ഈ ദിവസങ്ങളിൽ കച്ചേരിയിലേക്ക് ആളുകളെ പറഞ്ഞയയ്ക്കാതിരിക്കാൻ അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

**ചാൻസലർ**

## ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 12A

ഇൻകം ടാക്സ് ആക്ട്, സെക്ഷൻ 12A പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പള്ളികളും സ്ഥാപനങ്ങളും 2018-19 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്ത് **2019 സെപ്റ്റംബർ 30-നകം** ഇൻകം ടാക്സ് റിട്ടേണും ഓഡിറ്റ് റിപ്പോർട്ടും ഓൺലൈൻ ആയി ആദായ നികുതി വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം റിട്ടേൺ സമർപ്പിച്ചില്ലെങ്കിൽ നികുതി ഇളവ് ലഭിക്കുകയില്ല. തൽഫലമായി പള്ളിയുടെ മുഴുവൻ വരുമാനത്തിനും നികുതി കൊടുക്കേണ്ടതായിവരും. റിട്ടേൺ സമർപ്പിച്ചതിനുശേഷം ഓഡിറ്റ് ചെയ്ത കണക്കുകളുടെ ഒരു കോപ്പി അതിരൂപതാ ഫിനാൻസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

10,000/- രൂപയിൽ കൂടുതൽ രൊക്കം പണമായി ചെലവഴിക്കുന്നതിനുള്ള നിയന്ത്രണങ്ങളും, നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റും കോൺട്രാക്റ്റ് നല്കുമ്പോൾ പാലിക്കേണ്ടതായ TDS നിബന്ധനകളും നിർബന്ധമായും പാലിക്കേണ്ടതാണ്. ആയതിനാൽ, പള്ളികൾ അതിരൂപതയിൽ നല്കേണ്ടതായ ഫീസുകളും മറ്റും 10,000/- രൂപയിൽ കൂടുതലാണെങ്കിൽ ചെക്ക്/ഡി.ഡി./ബാങ്ക് ട്രാൻസ്ഫർ മുഖേന നല്കുവാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക് അതിരൂപതാ ഫിനാൻസ് ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. സെബാസ്റ്റ്യൻ മാണിക്കത്തൊൻ**
**ഫിനാൻസ് ഓഫീസർ**

# അതിരൂപതാദിനം - ജൂൺ 28 വെള്ളി

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണ്. അതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. ഈ വർഷത്തെ തിരുഹൃദയതിരുനാൾ ദിനമായ **ജൂൺ 28**-നാണ് **അതിരൂപതാദിനമായി** നമ്മൾ ആചരിക്കുന്നത്.

ഇത് കൃതജ്ഞതാപ്രകാശനത്തിനുള്ള ദിവസമാണ് (Thanksgiving Day). അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെ പ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം.

ഇതൊരു പ്രാർത്ഥനാ ദിനമാണ്. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്ന ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനും വേണ്ടി പ്രാർത്ഥിക്കാം.

ഈശോയുടെ തിരുഹൃദയതിരുനാളിൽ വി. കുർബാനയും അതിരൂപതാ മൈനർ സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടത്തിവരുന്ന ആരാധനയും എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ ആയിരിക്കും. രാവിലെ 6.30-ന് വി. കുർബാന, തുടർന്ന്, പരിശുദ്ധ കുർബാനയുടെ ആരാധന. വൈകിട്ട് 4.00 മണിക്ക് ആരാധനാ സമാപനം.

ജൂൺ 28 വെള്ളിയാഴ്ച നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും ആഘോഷപൂർവ്വമായ വി. കുർബാനയും, ഒരു മണിക്കൂർ ആരാധനയും നടത്തേണ്ടതാണ് (പ്രവൃത്തി ദിവസമായതിനാൽ തിരുക്കർമ്മങ്ങൾ വൈകിട്ട് നടത്തുന്നതായിരിക്കും ഉചിതം). നമ്മുടെ ഇടവകകളേയും സ്ഥാപനങ്ങളേയും കുടുംബങ്ങളേയും ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചുകൊണ്ട് പ്രതിഷ്ഠാജപം ചൊല്ലണം (കുടുംബങ്ങളിൽ രാത്രി 8.00 മണിക്ക് പ്രതിഷ്ഠാജപം ചൊല്ലണം).

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ്**

# Transfers/Appointments

## May 2019

**Rev. Fathers**

| | |
|---|---|
| Cherpanath Shanly | Relieved - Archdiocesan Internet Mission - Director |
| Cheruvallil Kuriakose | Edakkunnu Priests' Home |
| Edassery Antony (Darvin) | Archdiocesan Internet Mission - Director (Addl.) |
| Pulickal Varghese | Naipunnya Pongam - Campus Minister |
| Thuruthikkara Gregorios (Jiju) | Family Apostolate Asst. Dir. (Addl.) |

**Chancellor**

---

## പ്രത്യേക ശ്രദ്ധയ്ക്ക്

### ബ. വൈദികരുടെ വാർഷിക ധ്യാനം

#### നിവേദിത, ചുണങ്ങംവേലി

ബാച്ച് 1 : ജൂൺ 9 – 14 റവ. ഫാ. മരിയ ദാസ് **O.I.C.**

ബാച്ച് 2 : ജൂൺ 16 – 21 റവ. ഫാ. ജോസ് വേലാച്ചേരി **OFM Cap.**

ബാച്ച് 3 : ജൂൺ 23 – 28 റവ. ഫാ. ഷാജൻ തേവർമഠം

ബാച്ച് 4 : ജൂലൈ 07 – 12 റവ. ഫാ. ജേക്കബ് പറപ്പള്ളി **M.S.F.S.**

#### പ്രീസ്റ്റ്സ് ഹോം, ഇടക്കുന്ന്

ബാച്ച് 5 : സെപ്റ്റം. 08 – 13 റവ. ഫാ. ക്രിസ്റ്റി ഫ്രാൻസിസ് **OFM Cap.**

## സ്വതന്ത്ര ഇടവകയായി ഉയർത്തി

ചൊവ്വര സെന്റ് മേരീസ് പള്ളിയുടെ കുരിശുപള്ളിയായിരുന്ന **പെരിയാർമുഖം സെന്റ് ആന്‍ഡ്രൂസ്** പള്ളിയെ **BO/PEMGM/5** നമ്പർ കല്പനയിലൂടെ മാർ ജേക്കബ് മനത്തോടത്ത് പിതാവ് **2019 മെയ് 11-ാം** തീയതി സ്വതന്ത്ര ഇടവകയായി ഉയർത്തി.

ചാൻസലർ

---

## Vigilance Committee

### of the Archdiocese of Ernakulam-Angamaly (2019)

1. Rev. Fr. Paul Karedan (Convenor)
2. Rev. Fr. Kuriakose Mundadan
3. Rev. Fr. Kuriakose (Saju) Koren
4. Mr. Sijo Pynadath
5. Mr. Nijo Puthusserry
6. Ms. Maria Thomas

അംഗങ്ങൾക്കെല്ലാവർക്കും
അതിരൂപതയുടെ ആശംസകൾ!!!

# വൊക്കേഷൻ പ്രൊമോഷൻ

## വൊക്കേഷൻ ക്യാമ്പുകൾ

ഈ വർഷം നമ്മുടെ മൈനർ സെമിനാരിയിൽ രണ്ട് മേജർ വൊക്കേഷൻ ക്യാമ്പുകൾ നടക്കുകയുണ്ടായി. 75 പള്ളികളിൽ നിന്നും 179 മിടുക്കന്മാർ ഈ ക്യാമ്പുകളിൽ പങ്കെടുത്തു. 36 കുട്ടികൾക്കാണ് ഈ വർഷം അതിരൂപതാ മൈനർ സെമിനാരിയിലേക്ക് പ്രവേശനം ലഭിച്ചിരിക്കുന്നത്. ജൂൺ മാസം 1-ാം തീയതിയാണ് പുതിയ കുട്ടികൾ മൈനർ സെമിനാരിയിൽ എത്തിച്ചേരേണ്ടത്. ജൂൺ 3-ാം തീയതി മുതൽ ക്ലാസ്സുകൾ ആരംഭിക്കും. ദൈവവിളികളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന എല്ലാ വൈദികർക്കും അതിരൂപതയുടെ പേരിൽ നന്ദിപറയുന്നു.

## അൾത്താര ബാലികാബാലന്മാരുടെ ക്യാമ്പ് 2019

അതിരൂപതാതലത്തിൽ മൂന്ന് സോണുകളിലായി മെയ് മാസം 6, 7, 8 തീയതികളിൽ രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ അൾത്താര ബാലികാബാലന്മാരുടെ ക്യാമ്പ് നടത്തുകയുണ്ടായി. പുതുതായി അൾത്താര ശുശ്രൂഷ ചെയ്യാനായി തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു ഭൂരിഭാഗം കുട്ടികളും. ഏകദേശം 500 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിനായി സഹായിച്ച സുബോധന പാസ്റ്ററൽ സെന്റർ, കലൂർ റിന്യൂവൽ സെന്റർ, വൈക്കം വെൽഫെയർ സെന്റർ എന്നിവയുടെ ഡയറക്ടർമാർക്കും, ഈ ക്യാമ്പിലേക്ക് കുട്ടികളെ അയച്ച ബഹു. വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി.

**ഫാ. ഡെന്നി കാട്ടയിൽ**
**വൊക്കേഷൻ പ്രൊമോട്ടർ**

# വാർത്തകളും വിശേഷങ്ങളും

## പരിശുദ്ധാത്മാവ് തിരുസഭയെ പഠിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു.- ഫ്രാൻസിസ് മാർപാപ്പ

"എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും." യേശു നല്കുന്ന ഈ വാഗ്ദാനം ഉദ്ധരിച്ചുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ 2019 മെയ് 26-ാം തീയതി വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ത്രികാലജപത്തോടനുബന്ധിച്ച് നല്കിയ സന്ദേശം ആരംഭിച്ചത്. 'Paraclete'എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം 'ഒരു വ്യക്തിയെ ആശ്വസിപ്പിക്കുവാനും സഹായിക്കുവാനുമായി അവനോട് ചേർന്നു നിൽക്കുന്നവൻ' എന്നാണ്. ഇന്നും ലോകമെമ്പാടും സുവിശേഷം പ്രസംഗിക്കുവാനുള്ള നമ്മുടെ ദൗത്യത്തിൽ യേശു തന്റെ ശിഷ്യന്മാർക്ക് നിർദ്ദേശങ്ങൾ നല്കുന്നതും നയിക്കുന്നതും പരിശുദ്ധാത്മാവിലൂടെയാണ്. യേശുവിന്റെ പ്രബോധനങ്ങളെ സ്മരിക്കുവാനും, പൂർണ്ണമായും മനസ്സിലാക്കുവാനും, അവ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവ് ആണെന്ന് മാർപാപ്പ വ്യക്തമാക്കി.

## "കുടുംബത്തിലെ സ്നേഹം : ദൈവവിളിയും വിശുദ്ധിയിലേക്കുള്ള പാതയും" - 2021-ലെ ലോക കുടുംബസമ്മേളനത്തിന്റെ വിഷയം

2021 ജൂൺ 23 മുതൽ 27 വരെ റോമിൽ നടത്തപ്പെടുന്ന ലോക കുടുംബസമ്മേളനത്തിന്റെ (World Meeting of Families) പ്രമേയം "കുടുംബത്തിലെ സ്നേഹം: ദൈവവിളിയും വിശുദ്ധിയിലേക്കുള്ള പാതയും" - പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയാണ് ഈ വിഷയം തിരഞ്ഞെടുത്തത്. അല്മായർക്കും കുടുംബത്തിനും ജീവനും വേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി നല്കിയ പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ *Amoris Laetitia* എന്ന അപ്പസ്തോലിക പ്രബോധനത്തിന്റെ 5-ാം വാർഷികത്തോടനുബന്ധിച്ചാണ് ഈ കുടുംബ സമ്മേളനം നടത്തപ്പെടുന്നത്. കുടുംബ ജീവിതത്തിൽ സ്നേഹത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുകയും അനുദിനജീവിതത്തിൽ കുടുംബ ബന്ധങ്ങളുടെ ആഴവും, പ്രാമുഖ്യവും മനസ്സിലാക്കുകയുമാണ് ഈ സമ്മേളനം ലക്ഷ്യമിടുന്നത്.



# നിര്യാതരായി



## ഫാ. ഫ്രാൻസിസ് പാറപ്പുറം

**ജനനം: 21/06/1947**
**തിരുപ്പട്ടം: 18/12/1975**
**മരണം: 20/05/2019**

ബഹുമാനപ്പെട്ട പാറപ്പുറം ഫ്രാൻസീസ് അച്ചൻ 1947 ജൂൺ 21-ാം തീയതി ആമ്പല്ലൂർ ഇടവകയിലെ കളപ്പുരക്കൽ പാറപ്പുറം ജോസഫ്-റോസമ്മ ദമ്പതികളുടെ പത്തു മക്കളിൽ എട്ടാമനായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന്, ആലുവ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1975 ഡിസംബർ 18-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ ഇടപ്പള്ളി, അങ്കമാലി എന്നീ ഇടവകകളിൽ സഹവികാരിയായും തുടർന്ന് കച്ചേരിപ്പടി & പല്ലംതുരുത്ത്, കൈതാരം & ഏഴിക്കര, വെള്ളാരപ്പള്ളി, തുരുത്തിപ്പുറം, മങ്കുഴി, സാൻജോപുരം, മേക്കാട്, കോടുശ്ശേരി, വല്ലകം, പുല്ലുവഴി, മാണിക്കമംഗലം, എളവൂർ കുന്നേൽ, നോർത്ത് പറവൂർ, കൂടാലപ്പാട്, നോർത്ത് കിടങ്ങൂർ എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. നീണ്ട 44 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം, അനാരോഗ്യത്തെത്തുടർന്ന് ഔദ്യോഗിക ചുമതലകളിൽ നിന്നും വിരമിച്ച് പൊതി മേഴ്സി ആശുപത്രിയിൽ ചികിത്സയിലായിരുന്നു, അവിടെവച്ച്, 72-ാം വയസ്സിൽ, 2019 മെയ് 20-ാം തീയതി, തിങ്കളാഴ്ച, രാത്രി 9.30-ന് ഈ ലോകത്തോട് വിടപറഞ്ഞ്, സ്വർഗ്ഗീയ പിതാവിന്റെ വസതിയിലേക്ക്, യാത്രയായി.

മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രിയിൽ സൂക്ഷിച്ചിരുന്ന ബ. ഫ്രാൻസിസ് പാറപ്പുറം അച്ചന്റെ മൃതശരീരം 21-ാം തീയതി ചൊവ്വാഴ്ച 5.30-ന് അച്ചന്റെ തറവാട് വീട്ടിലേക്കു കൊണ്ടുപോയി. നിരവധി വൈദികരും, സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളും അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുവാൻ വന്നിരുന്നു. 22-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് അച്ചന്റെ മൃതശരീരം അച്ചന്റെ ഇടവകയായ ആമ്പല്ലൂർ

സെന്റ് ഫ്രാൻസിസ് അസ്സീസി ദേവാലയത്തിലേക്കു കൊണ്ടുപോയി. അവിടെയും വളരെയേറെ വൈദികരും, സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളും അച്ചൻ സേവനം ചെയ്തിട്ടുള്ള ഇടവകകളിൽനിന്നുള്ളവരും അച്ചന് അന്തിമോപചാരം അർപ്പിക്കുവാൻ എത്തിയിരുന്നു.


ബ. ഫ്രാൻസിസ് അച്ചന്റെ മൃതദേഹസംസ്കാര കർമ്മങ്ങളുടെ മൂന്നാം ഭാഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരംഭിച്ചു. മാർ ജേക്കബ് മനത്തോടത്ത് പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യത്ത് എന്നീ പിതാക്കന്മാരും, തൃപ്പൂണിത്തുറ ഫൊറോനാ പള്ളി വികാരി ബ. ജേക്കബ് പുതുശ്ശേരി അച്ചൻ, ഫ്രാൻസീസച്ചന്റെ സഹോദരൻ ബ. കുര്യാക്കോസ് കളപ്പുരക്കലച്ചൻ, ബന്ധുക്കളായ ബ. ജോസ് പാറപ്പുറം അച്ചൻ, ബ. ജോയ്സ് കൈതക്കോട്ടിൽ അച്ചൻ, ബ. മാത്യു വടക്കേൽ S.D.B. അച്ചൻ എന്നിവരും പിതാവിനോടൊപ്പം മദ്ബഹയിലും മറ്റനേകം വൈദികരും സഹകാർമ്മികരായിരുന്നു. അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവ്, ഫ്രാൻസിസ് അച്ചന്റെ ജീവിതത്തെ അനുസ്മരിച്ചുകൊണ്ട് ആമുഖസന്ദേശം നൽകി.

സുവിശേഷ വായനയ്ക്കുശേഷം ഫ്രാൻസീസ് അച്ചന്റെ സഹോദരൻ ബഹുമാനപ്പെട്ട കുര്യാക്കോസ് കളപ്പുരക്കൽ അച്ചനാണ് ഫ്രാൻസീസ് അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത്. ഫ്രാൻസീസ് അച്ചന്റെ സഹപാഠിയായ ബ. വർഗീസ് മണവാളൻ അച്ചനാണ് ദൈവവചനസന്ദേശം നൽകിയത്. വളരെ നല്ല ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ബ. ഫ്രാൻസീസ് അച്ചൻ എന്നു പറഞ്ഞുകൊണ്ടാണ് മണവാളൻ അച്ചൻ സന്ദേശം ആരംഭിച്ചത്. ദൈവം നൽകിയ സ്നേഹത്തിന്റെ പ്രമാണം തന്റെ വൈദിക ജീവിതത്തിൽ അക്ഷരാർത്ഥത്തിൽ നിറേവറ്റിയ ഒരു വൈദികൻ. സ്നേഹവും ഔദാര്യവും നിറഞ്ഞ, എല്ലാവരെയും ഉൾക്കൊള്ളുവാൻ കഴിയുന്ന ഒരു മനസ്സിന്റെ ഉടമയായിരുന്നു ഫ്രാൻസിസ് അച്ചൻ. "സ്നേഹിക്കുവാനാണ് ദൈവം നമ്മെ പൗരോഹിത്യ ശുശ്രൂഷയിലേക്ക് വിളിച്ചിരിക്കുന്നത്" എന്ന് പാറപ്പുറം അച്ചൻ കൂടെ കൂടെ പറയുമായിരുന്നു. ഒരു പുരോഹിതന് തന്റെ ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട നന്മകൾ ജീവിതത്തിൽ കാത്തുസൂക്ഷിച്ച് തന്റെ പുരോഹിത ശുശ്രൂഷയിൽ അവ പൂർണ്ണമായും ഉപയോഗിച്ച് തന്റെ പൗരോഹിത്യജീവിതം പാറപ്പുറം അച്ചൻ അർത്ഥപൂർണ്ണമാക്കി. അച്ചൻ എളവൂർ കുന്നേൽ പള്ളിയിൽ വികാരിയായ് സേവനം ചെയ്യുമ്പോഴാണ് തട്ടേക്കാട് ബോട്ടപകടം സംഭവിച്ചത്. ആ ഇടവകയിലെ സ്കൂളിൽനിന്നും വിനോദയാത്രയ്ക്കുപോയ അദ്ധ്യാപകരും കുട്ടികളുമാണ് ഈ അപകടത്തിൽപ്പെട്ടത്. ഈ സംഭവം നടന്നതിന്റെ പിറ്റേദിവസം അച്ചന്

പുതിയ പള്ളിയിലേക്ക് സ്ഥലംമാറി പോകേണ്ടതായിരുന്നു. എന്നാൽ, അച്ചൻ പുതിയ പള്ളിയിലേക്ക് ആ ദിവസം പോകാതെ അപകടമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് സാന്ത്വനമായ് ആശ്വാസമായ് എളവൂർ പള്ളിയിൽതന്നെ തങ്ങുകയായിരുന്നു. ആടുകൾക്കുവേണ്ടി ജീവിക്കുന്ന ഒരു ഇടയനെയാണ് ഈ സംഭവത്തിൽ ഫ്രാൻസീസ് അച്ചനിൽ നാം കാണുന്നത്. തന്റെ രോഗാവസ്ഥയിൽപ്പോലും തന്റെ ജനത്തിനുവേണ്ട ശുശ്രൂഷകൾ ചെയ്യുവാൻ അച്ചൻ തല്പരനായിരുന്നു. എല്ലാ ശുശ്രൂഷകളും സന്തോഷപൂർവ്വം അനുഷ്ഠിച്ച് തന്റെ വേദനകളെ, സഹനങ്ങളെ മറ്റുള്ളവരെ കാണിക്കുവാനോ, അറിയിക്കുവാനോ അച്ചൻ ശ്രമിച്ചിട്ടില്ല. തന്റെ ഉത്തരവാദിത്വങ്ങളെല്ലാം സ്വസ്ഥമായും ശാന്തമായും അച്ചൻ നിർവഹിച്ചു. ആന്തരികത ഫ്രാൻസീസ് അച്ചന്റെ ജീവിതത്തിന്റെ ഭാഗമായിരുന്നു. അച്ചന്റെ പ്രവൃത്തികളിൽ അത് വളരെ പ്രകാശിതമായിരുന്നു. സെമിനാരിയിൽ ആയിരുന്നപ്പോൾ എല്ലാവർക്കും സൗഹൃദം നൽകുകയും, എല്ലാവരുടെയും സൗഹൃദം ഏറ്റുവാങ്ങുകയും ചെയ്ത ഒരു വ്യക്തിയായിരുന്നു ഫ്രാൻസീസ് അച്ചൻ എന്ന് മണവാളൻ അച്ചൻ സ്മരിച്ചു. ഒരിക്കലും ആരെയും കുറ്റപ്പെടുത്തി ഫ്രാൻസീസ് അച്ചൻ സംസാരിച്ചിട്ടില്ല. മറ്റുള്ളവരെ എത്രമാത്രം തൃപ്തിപ്പെടുത്താനാകും എന്ന് ചിന്തിച്ച് തന്റെ എല്ലാ പ്രവർത്തനങ്ങളും ഈ ലക്ഷ്യപ്രാപ്തിക്കായ് കാഴ്ചവച്ചവനാണ് ഫ്രാൻസീസ് അച്ചൻ. ഇപ്രകാരം ജീവിച്ച ബ. പാറപ്പുറം അച്ചന്റെ ജീവിതം നമുക്ക് എന്നും പ്രചോദനമാണ് എന്ന് പറഞ്ഞുകൊണ്ടാണ് മണവാളൻ അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചത്.

കർമ്മയോഗിയായിരുന്ന ഈ വന്ദ്യ വൈദികൻ തന്റെ പ്രവർത്തനരംഗങ്ങളിലെല്ലാം തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ബ. പാറപ്പുറം അച്ചന്റെ നിസ്തുലമായ സേവനങ്ങൾക്ക് തക്ക പ്രതിഫലം നൽകുവാൻ, നീതിമാന്മാർക്കായി സജ്ജമാക്കിയിരിക്കുന്ന സ്വർഗ്ഗസൗഭാഗ്യത്തിലേക്ക് അച്ചനെ ദൈവം വിളിച്ചിരിക്കുകയാണ്. ദൈവത്തോടുകൂടിയായിരിക്കുന്ന ഫ്രാൻസിസ് അച്ചൻ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുമെന്ന് പ്രത്യാശിക്കാം. എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് അച്ചനിലൂടെ ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങൾക്കും നന്മകൾക്കും അനന്തകാരുണ്യവാനായ ദൈവത്തോട് നമുക്ക് നന്ദി പറയാം. അച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം. അച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളേയും ബന്ധുമിത്രാദികളേയും ദൈവം സമാശ്വസിപ്പിക്കട്ടെ. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോകുന്നുവെങ്കിലും പൗരോഹിത്യ ശുശ്രൂഷയിൽ നമുക്ക് മാതൃകയായ ബ. ഫ്രാൻസിസ് പാറപ്പുറം അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

■



# ഫാ. സേവ്യർ കരീത്തറ

**ജനനം: 12/04/1937**
**തിരുപ്പട്ടം: 07/03/1964**
**മരണം: 02/05/2019**

ബഹുമാനപ്പെട്ട കരീത്തറ സേവ്യർ അച്ചൻ 1937 ഏപ്രിൽ 12-ാം തീയതി ഉദയനാപുരം ഇടവകയിലെ കരീത്തറ ശൗരി -കത്രീന ദമ്പതികളുടെ ഒമ്പതു മക്കളിൽ ഇളയമകനായി ജനിച്ചു. ചെറുപ്പം മുതൽ തികഞ്ഞ വിശ്വാസ ജീവിതത്തിൽ വളർന്ന അച്ചൻ, സ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം എറണാകുളം അതിരൂപതാ മൈനർ സെമിനാരിയിൽ ചേർന്ന്, ആലുവ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി, 1964 മാർച്ച് 7-ാം തീയതി തിരുപ്പട്ടം സ്വീകരിച്ചു. അതിരൂപതയിലെ മഞ്ഞപ്ര, അങ്കമാലി എന്നീ ഇടവകകളിൽ സഹവികാരിയായും തുടർന്ന് വളമംഗലം, തണ്ണീർമുക്കം, കടമക്കുടി, കിടങ്ങൂർ, കൊറ്റമം, കുഴിപ്പിള്ളി, നടേൽ, ആമ്പല്ലൂർ, മലയാറ്റൂർ, തലയോലപ്പറമ്പ്, പള്ളിപ്പുറം, കുമ്പളം എന്നീ ഇടവകകളിൽ വികാരിയായും സ്തുത്യർഹമായ സേവനം കാഴ്ചവച്ചു. കൂടാതെ വൈക്കം സോഷ്യൽ വെൽഫെയർ സെന്ററിന്റെ ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. തുടർന്ന്, ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ താമസിച്ച് സേവനം ചെയ്തതിനുശേഷം, 2017 മുതൽ തൃക്കാക്കര വിജോഭവനിൽ വിശ്രമ ജീവിതം നയിച്ച് വരികയായിരുന്നു. നീണ്ട 55 വർഷത്തെ ധന്യമായ പൗരോഹിത്യ ജീവിതത്തിനുശേഷം, വിജോഭവനിൽ വച്ച്, 82-ാം വയസ്സിൽ, 2019 മെയ് 2-ാം തീയതി, വ്യാഴാഴ്ച, രാത്രി 8.30-ന് ഈ ലോകത്തോട് വിടപറഞ്ഞ്, സ്വർഗ്ഗീയ പിതാവിന്റ വസതിയിലേക്ക്, യാത്രയായി.

എറണാകുളം ലിസി ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരുന്ന ബ. സേവ്യർ അച്ചന്റെ മൃതദേഹം മെയ് 6-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 4.15-ന് ഉദയനാപുരത്തുള്ള അച്ചന്റെ സഹോദരപുത്രനായ തോമസിന്റെ വീട്ടിലേക്കു കൊണ്ടുപോയി. നിരവധി വൈദികരും, സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളും അച്ചന് ആദരാഞ്ജലികൾ അർപ്പിക്കുവാൻ വന്നിരുന്നു. 7-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് അച്ചന്റെ മൃതശരീരം അച്ചന്റെ ഇടവക ദേവാലയമായ ഉദയ

നാപുരം സെന്റ് ജോസഫ്സ് പള്ളിയിലേക്ക് കൊണ്ടുപോയി. അവിടെയും വളരെയേറെ വൈദികരും, സിസ്റ്റേഴ്സും അല്മായ സഹോദരങ്ങളും അച്ചൻ സേവനം ചെയ്തിട്ടുള്ള ഇടവകകളിൽനിന്നുള്ളവരും അച്ചന് അന്തിമോപചാരം അർപ്പിക്കുവാൻ എത്തിയിരുന്നു.

സേവ്യർ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ മൂന്നാം ഭാഗം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരംഭിച്ചു. മാർ ജേക്കബ് മനത്തോടത്ത് പിതാവാണ് വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യത്ത് എന്നീ പിതാക്കന്മാരും, അതിരൂപതാ പ്രൊ-പ്രോട്ടോസിഞ്ചെല്ലൂസ് ബ. വർഗീസ് പൊട്ടയ്ക്കൽ, വൈക്കം ഫൊറോനപള്ളി വികാരി ബ. ജോസഫ് തെക്കിനേൻ, സഹപാഠിയായ ബ. പോൾ കാരാച്ചിറ, സേവ്യറച്ചന്റെ കുടുംബാംഗങ്ങളായ ബ. മാത്യു കരീത്തറ സി.എം.ഐ., ബ. സെബാസ്റ്റ്യൻ മാപ്പിളപ്പറമ്പിൽ വി.സി., ബ. ജോസഫ് മാപ്പിളപ്പറമ്പിൽ സി.എം.എഫ്., ബ. ജേക്കബ് പുത്തൻപുര എന്നീ വൈദികരും പിതാവിനോടൊപ്പം മദ്ബഹയിലും മറ്റനേകം വൈദികരും സഹകാർമ്മികരായിരുന്നു.

സുവിശേഷ വായനയ്ക്കുശേഷം സേവ്യർ അച്ചന്റെ ബന്ധുവായ ബ. മാത്യു കരീത്തറ അച്ചനാണ് സേവ്യർ അച്ചനെ സുവിശേഷഗ്രന്ഥം മുത്തിച്ചത്. സേവ്യർ അച്ചന്റെ സഹപാഠിയായ ബ. പോൾ കാരാച്ചിറ അച്ചനാണ് ദൈവവചന സന്ദേശം നൽകിയത്. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരാകുന്നവർ കർത്താവിനാൽ സമ്മാനിതരാകും എന്ന തിരുവചനം ഇന്ന് നിറവേറ്റപ്പെടുകയാണ് എന്ന് പറഞ്ഞുകൊണ്ടാണ് പോൾ അച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. തന്റെ പൗരോഹിത്യത്തിൽ നല്ലതുപോലെ ഒരുങ്ങണമെന്ന് നിശ്ചയദാർഢ്യം ഉള്ള ഒരു വൈദികനായിരുന്നു സേവ്യർ അച്ചൻ. അതിനായ് സെമിനാരി കാലഘട്ടത്തിൽ തന്നെ നന്നായി പ്രാർത്ഥിച്ച്, പഠിച്ച്, വായിച്ച് സേവ്യറച്ചൻ ഒരുങ്ങിയിരുന്നു. എല്ലാവരോടും വളരെയേറെ സന്തോഷത്തോടെ സംസാരിക്കുകയും, ഇടപഴകുകയും ചെയ്യുന്ന പ്രകൃതമായിരുന്നു അച്ചന്റേത്. തന്റെ കഴിവുകളെല്ലാം പൂർണ്ണമായും ദൈവത്തിന് സമർപ്പിച്ച് ജീവിതത്തിൽ സംതൃപ്തി അനുഭവിച്ചിരുന്ന അച്ചൻ ഈ സന്തോഷം എല്ലായ്പ്പോഴും പ്രകടിപ്പിച്ചിരുന്നു. താൻ സേവനം ചെയ്ത ഇടവകകളിലെ ജനങ്ങളെ മുഴുവൻ ആത്മാർഥമായി സേവ്യറച്ചൻ സ്നേഹിച്ചു. തന്റെ കഴിവിന്റെ പരമാവധി അവർക്കായി ഉപയോഗിച്ച് അവർക്കായ് ജീവിച്ച ഒരു വൈദി

കനാണ് കരീത്തറ അച്ചൻ. ശാന്തതയും സ്നേഹവും തന്റെ ജിവിതത്തിൽ എന്നും കൂടെ കൊണ്ടു നടക്കുവാൻ അച്ചൻ ശ്രമിച്ചിരുന്നു. ജീവിതലാളിത്യം അച്ചന്റെ മുഖമുദ്രയായിരുന്നു. ചിട്ടയുള്ള ഒരു ജീവിതത്തിന് ഉടമയായിരുന്നു സേവ്യറച്ചൻ. പാവപ്പെട്ടവരെ സാമ്പത്തികമായ് സഹായിക്കുന്നതിൽ അച്ചന് വളരെ താല്പര്യമായിരുന്നു. മറ്റുള്ളവർക്ക് കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തിയവനാണ് സേവ്യറച്ചൻ. അജഗണങ്ങളുടെ ആത്മീയകാര്യങ്ങളിൽ ബദ്ധശ്രദ്ധനായിരുന്നു കരീത്തറയച്ചൻ. ഇക്കാരണത്താൽതന്നെ അച്ചൻ ജനഹൃദയങ്ങളിൽ എന്നും ജീവിക്കും.

55 വർഷക്കാലത്തെ പൗരോഹിത്യ ജീവിതം വിശ്വസ്തതാപൂർവ്വം ഓടിപൂർത്തിയാക്കിയ സേവ്യർ അച്ചനെ നീതിയുള്ള ന്യായാധിപനായ ദൈവം മഹത്ത്വത്തിന്റെ കിരീടം അണിയിക്കുവാൻ തന്റെ സന്നിധിയിലേയ്ക്ക് വിളിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ നമുക്കായ് മാദ്ധ്യസ്ഥ്യം വഹിക്കുവാൻ ഇനി സേവ്യർ അച്ചനും ഉണ്ടായിരിക്കും. അച്ചന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്ക് ലഭിച്ചിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും, നന്മകൾക്കും നമുക്ക് ദൈവത്തിന് നന്ദി അർപ്പിക്കാം. സ്വർഗ്ഗീയ സമ്മാനത്തിനായ് ദൈവസന്നിധിയിലേയ്ക്ക് യാത്രയായ സേവ്യറച്ചന്റെ ആത്മാവിന് നിത്യശാന്തി നേരാം. അച്ചന്റെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങളേയും, ബന്ധുമിത്രാദികളേയും കാരുണ്യവാനായ ദൈവം ആശ്വസിപ്പിക്കട്ടെ. സ്നേഹനിധിയായ ബ. സേവ്യർ കരീത്തറ അച്ചന് എറണാകുളം-അങ്കമാലി അതിരൂപതയുടെ ആദരാഞ്ജലികൾ!!!

■

---

## സി. ലൈബെർത്ത C.M.C.



സെന്റ് മേരീസ് കോൺവെന്റ്, എറണാകുളം.

| | | |
|---|---|---|
| ജനനം | : | 07/08/1918 |
| വ്രതവാഗ്ദാനം | : | 21/04/1940 |
| മരണം | : | 25/05/2019 |



## സി. എമിരിച്ച് C.M.C.

സെന്റ് ജോസഫ് കോൺവെന്റ്, തൃപ്പൂണിത്തുറ.

ജനനം : 31/08/1925
വ്രതവാഗ്ദാനം : 12/02/1945
മരണം : 10/05/2019



## സി. ഈവ പഞ്ഞിക്കാരൻ S.D.

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

ജനനം : 07/01/1940
വ്രതവാഗ്ദാനം : 06/01/1962
മരണം : 27/05/2019



## സി. മെലാനി റോസ് S.D.

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

ജനനം : 02/11/1935
വ്രതവാഗ്ദാനം : 06/01/1955
മരണം : 06/05/2019



## സി. സിൽവിയ S.D.

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

ജനനം : 08/12/1933
വ്രതവാഗ്ദാനം : 07/02/1954
മരണം : 01/05/2019



## സി. ലെയോണി S.D.

പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി.

ജനനം : 10/05/1932
വ്രതവാഗ്ദാനം : 06/01/1953
മരണം : 13/04/2019



**സി. ജെമ്മ F.C.C.**

സാൻജോ കോൺവെന്റ്, പെരുമ്പാവൂർ.

| | | |
|---|---|---|
| ജനനം | : | 18/05/1928 |
| വ്രതവാഗ്ദാനം | : | 10/05/1949 |
| മരണം | : | 26/05/2019 |



**സി. വെർജിൻ F.C.C.**

എസ്.എച്ച്. കോൺവെന്റ്, അങ്കമാലി.

| | | |
|---|---|---|
| ജനനം | : | 03/02/1931 |
| വ്രതവാഗ്ദാനം | : | 04/05/1966 |
| മരണം | : | 02/05/2019 |



**സി. മെറ്റിൽഡ F.C.C.**

സെന്റ് ജോസഫ്സ് കോൺവെന്റ്, കാരിക്കാമുറി

| | | |
|---|---|---|
| ജനനം | : | 03/07/1932 |
| വ്രതവാഗ്ദാനം | : | 02/06/1955 |
| മരണം | : | 30/04/2019 |


# നിവേദിത, ചുണങ്ങംവേലി

CHUNANGAMVELY, ALUVA 683112, KERALA.
Tel.: 0484-2837375, Mob: 9387074646, 9847558054

## Programmes: 2019 May to July

| | | |
|---|---|---|
| June 01-05 | : | Jubilee Preparation |
| June 03 | : | K.C.M.S. – Major Superiors Meet |
| June 09 to July 12 | : | Annual Retreat for Priests |
| July 12 to 14 | : | Vincent De Paul Society |

**Fr. Paul Vellarackal**
**Director**

# AICO
## (Archdiocesan Institutions' Central Office)

## Annual Meeting of Directors - 2019

AICO-യുടെ ആഭിമുഖ്യത്തിൽ മെയ് 20-ന് നടത്തുവാനിരുന്ന Annual Meeting of Directors -ഉം, AICO-യുടെ വെബ്സൈറ്റിന്റെ ഉത്ഘാടനവും ന്യൂസ്ലെറ്ററിന്റെ പ്രകാശനവും സാങ്കേതിക കാരണങ്ങളാൽ നടത്തുവാൻ സാധിച്ചില്ല എന്നറിയിക്കുന്നു. Annual Meeting of Directors -നടത്തുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

### ബജറ്റ് 2019-20

അതിരൂപതയുടെ കീഴിലുള്ള സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കുന്നതിനായി AICO യുടെ നേതൃത്വത്തിലുള്ള സംഘം വിവിധ സ്ഥാപനങ്ങളിലുള്ള സന്ദർശനം തുടർന്നുകൊണ്ടിരിക്കുന്നു. മേയ് മാസ കാലയളവിൽ സുബോധന റീജിയണൽ പാസ്റ്ററൽ സെന്റർ-അങ്കമാലി, സെന്റ് ഫ്രാൻസിസ് അസ്സിസി സ്കൂൾ-അത്താണി, വെൽഫെയർ സെന്റർ-വൈക്കം, സോഷ്യൽ വെൽഫെയർ സെന്റർ-കളമശ്ശേരി, നൈപുണ്യ ഇന്റർനാഷണൽ-എറണാകുളം, മഡോണ സെന്റർ- സൗത്ത് വാഴക്കുളം മുതലായ സ്ഥാപനങ്ങളിലുള്ള സന്ദർശനങ്ങൾ പൂർത്തിയായി.

### ബോർഡ് മീറ്റിങ്ങുകൾ

അതിരൂപതയുടെ കീഴിലുള്ള ഭാരത മാതാ കോളേജ് ഓഫ് കോമേഴ്സ് & ആർട്സ്-ചൂണ്ടി, റിന്യുവൽ സെന്റർ-കലൂർ, സത്യദീപം പബ്ലിക്കേഷൻസ്-എറണാകുളം, സെന്റ് ജോസഫ്സ് I.T.I.-തുറവൂർ, ഭാരത മാതാ സ്ക്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്-ചൂണ്ടി, നൈപുണ്യ വെൽഫെയർ സർവീസസ്-കറുകുറ്റി, NIMIT-പൊങ്ങം, നൈപുണ്യ ഇന്റർനാഷണൽ-എറണാകുളം, സുബോധന റീജിയണൽ പാസ്റ്ററൽ സെന്റർ-അങ്കമാലി, നിവേദിത-ചുണങ്ങംവേലി, സോഷ്യൽ വെൽഫെയർ സെന്റർ-കളമശ്ശേരി എന്നീ സ്ഥാപങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള ബോർഡ് മീറ്റിങ്ങുകൾ മെയ് 03-ാം തീയതി മുതൽ 30-ാം തിയതി വരെയുള്ള കാലയളവിൽ നടന്നു.

**ഫാ. സേവ്യർ തേലക്കാട്ട്**
**ഡയറക്ടർ**

# വിശ്വാസപരിശീലന കേന്ദ്രം

## വിശ്വാസപരിശീലന വർഷം 2019-2020

**പ്രമേയം: പ്രത്യാശ**

**ആപ്തവാക്യം: "പ്രത്യാശയുടെ ദൈവമക്കൾ:**

**യേശുവിലാണെൻ പ്രത്യാശ, വചനമാണെൻ വഴികാട്ടി"**

വിശ്വാസപരിശീലനത്തിന്റെ പുതിയ ഒരു വർഷം ആരംഭിക്കുകയാണ ല്ലോ. പ്രത്യാശ എന്ന പ്രമേയത്തെ മുൻനിറുത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും ഓരോ ഇടവകയിലും നടത്തുവാൻ സാധിക്കട്ടെ യെന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. അതിരൂപതാ വിശ്വാസ പരിശീലന കേന്ദ്രത്തിന് ബ. വികാരിയച്ചന്മാരും ബ. സിസ്റ്റേഴ്സും വേദപാഠാദ്ധ്യാപകരും നൽകുന്ന സഹകരണത്തിനും സേവനത്തിനും പ്രത്യേകം നന്ദിയർപ്പിക്കുന്നു. പുതിയ വർഷത്തിലും സഹകരണവും ക്രിയാത്മകവുമായ സമീപനവും ഉണ്ടാകണമെന്ന് പ്രത്യേകമായി അപേക്ഷിക്കുന്നു.

### നന്ദിയും സ്വാഗതവും

വിശ്വാസപരിശീലന ഫൊറോനാ കൗൺസിലുകളുടെ ഡയറക്ടർമാ രായി ഊർജ്ജസ്വലതയോടെ പ്രവർത്തിച്ച ബഹു. വൈദികർ ഫാ. സിബി പുത്തൻപറമ്പിൽ (ചേർത്തല), ഫാ. ആന്റോ ചാലിശ്ശേരി (എറണാകുളം), ഫാ. ബിനീഷ് പൂണോളി (കാഞ്ഞൂർ), ഫാ. ജോൺസൺ വടക്കുംഞ്ചേരി (മൂഴിക്കുളം) എന്നിവർക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു.

പുതുതായി ഫൊറോനാ ഡയറക്ടർമാരായി ചുമതല ഏറ്റെടുക്കുന്ന ബഹു. വൈദികർ ഫാ. തോമസ് നങ്ങേലിമാലിൽ (എറണാകുളം), ഫാ. തോമസ് മഴുവഞ്ചേരി (കാഞ്ഞൂർ), ഫാ. കുര്യൻ കട്ടക്കയം (മൂഴിക്കുളം), ഫാ. ബിനീഷ് പൂണോളി (ചേർത്തല) എന്നിവർക്ക് സസ്നേഹം സ്വാഗതം.

കഴിഞ്ഞ 3 വർഷക്കാലമായി വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഓഫിസ് സെക്രട്ടറിയായി സേവനം ചെയ്ത് പുതിയ പ്രവർത്തന മേഖലയിലേക്ക് പ്രവേശിച്ച ബഹു. സി. സിലി ജോസ് FCC ക്ക് യാത്രാ മംഗളങ്ങളും പ്രാർത്ഥനാശംസകളും.

വിശ്വാസപരിശീലന കേന്ദ്രത്തിന്റെ പുതിയ സെക്രട്ടറിയായി ചുമതലയേൽക്കുന്ന ബഹു. സി. കിരൺ ജോസ് FCC ക്ക് സ്വാഗതം.

### വചനദീപവും വിശ്വാസപരിശീലകരും

വചനദീപത്തിൽ നൽകിയിരിക്കുന്ന എല്ലാ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും എല്ലാ അദ്ധ്യാപകരും അറിയുന്നുണ്ടെന്നു ഉറപ്പ് വരുത്തണമെന്ന് ബ. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു.

### മാതാപിതാക്കൾക്കുള്ള സെമിനാർ

കാറ്റിക്കിസം പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുവേണ്ടി അദ്ധ്യയന വർഷത്തിൽ ക്ലാസ്സ് സംഘടിപ്പിക്കുന്ന കാര്യം ശ്രദ്ധിക്കുമല്ലൊ. നമ്മുടെ എല്ലാ ഇടവകകളിലും പാരിഷ് കാറ്റിക്കിസം കൗൺസിൽ (PCC) ഉണ്ടാകുമെന്ന് കരുതുന്നു.

## പ്രധാന പരിപാടികൾ

**ജൂൺ 2019**

02 ഞായർ : വിശ്വാസപരിശീലന വർഷാരംഭം, പ്രവേശനോത്സവം

08 ശനി : റഗുലർ സ്ക്കൂൾ പ്രധാനാദ്ധ്യാപകരുടെ യോഗവും സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനവും, അവാർഡുദാനവും

15 ശനി : എക്സിക്യൂട്ടീവ് യോഗം - റിന്യൂവൽ സെന്റർ, കലൂർ (10.30 am - 1.00 pm)

16 ഞായർ : പ്രമോട്ടർമാരുടെയും ഫൊറോന സെക്രട്ടറിമാരുടെയും യോഗം - റിന്യൂവൽ സെന്റർ, കലൂർ (10.00 am - 1.00 pm)

30 ഞായർ : ഒന്നാം ക്ലാസ്സിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട അവസാന തീയതി.

**ജൂലൈ 2019**

03 ബുധൻ : ദുക്റാന - ഓഫീസ് അവധി

07 ഞായർ : എലൈവ് - വല്ലം

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# ഫാമിലി അപ്പോസ്തലേറ്റ്

**Renewal Centre,** Kaloor. Tel.: 0484-2533077
**Jeevalaya Family Park,** Kalady. Tel.: 0484-2462607, 9387074649
**Vaikom:** 9495411200 • E-mail: familycentrekaloor@gmail.com

## 2019 JUNE - JULY

**I. Marriage Preparation Retreat (MPR)**

| | | | |
|---|---|---|---|
| June | 02-04(pair)Kaloor | July | 7-9 (single) Kaloor |
| Jun | 11-13(single) Kalady | July | 16-18(pair) Kalady |
| Jun | 17-19 (single) Kaloor | July | 22 -24(pair) Kaloor |
| Jun | 18-20 (pair) Kalady | July | 23-25 (pair) Kalady |
| Jun | 24-2 6(pair) Kaloor | Jul y | 29-31(Single)Kaloor |
| Jun | 25-27 (pair) Kalady | | |

**II. Babyshine Retreat (Jeevalaya Family Park, Kalady) (9446744111)**

June 02 July 05-07

**III. Grace Rings Couples' Retreat (Jeevalaya Family Park) (9446335441)**

June 06-09 July 11-14

**IV. Parenting Retreat (Jeevalaya Family Park, Kalady) (9495950055)**

June 21-23 Parenting Teenagers Retreat (Age 13-19 Years)
July 26-28 Parenting Children Retreat (Age 05-12 Years)

**V. Widows Retreat (Jeevalaya Family Park, Kalady) (9400929111)**

July 19-21

**VI. Judith Forum Forane Meet**

Jun 01 Thripunithura
July 27 Moozhikulam

**VII. FFAFM II**

| | | | | | |
|---|---|---|---|---|---|
| Jun | 02 | Kanjoor | Jun | 16 | Vaikom |
| Jun | 02 | Vallam | Jun | 16 | Thripunithura |
| Jun | 09 | Ernakulam | Jun | 23 | Cherthala |
| Jun | 09 | Edappilly | Jun | 23 | Pallipuram |

**VIII. GRL Training**

| | | | | | |
|---|---|---|---|---|---|
| July | 6 | Kalady (II) | July | 20 | Kalady (I) |
| July | 13 | Kaloor (I) | July | 27 | Kaloor (II) |

**IX. Grand Parents Day**

July 28

**X. Animator Sisters Training**

July 20 Kaloor
July 27 Vaikom

**XI. Pankali Focus**

June 16 Karukutty Forane
June 23 Kanjoor Forane

**XII. WIN WIN Couples Training Program**

June 4 Vaikom

## 2-ാമത് യൂദിത്ത് ഫോറം വാർഷിക സെമിനാർ

വിഷയം: **ഒറ്റ ചിറകിൻ തണലിൽ അഗ്നി ചിറകുള്ള മക്കൾ**

സ്ഥലം: **റിന്യൂവൽ സെന്റർ, കലൂർ**

സമയം: **2019 ജൂൺ 22, രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ**

20 വയസ്സിനുതാഴെ പ്രായമുള്ള മക്കളുടെ അമ്മമാരായ വിധവകളെ ഈ സെമിനാറിൽ പ്രതീക്ഷിക്കുന്നു. അഗ്നിചിറകുള്ള മക്കളെ രൂപപ്പെടുത്തുവാൻ ഈ സെമിനാർ വിധവകളെ സഹായിക്കും. പേര് രജിസ്റ്റർ ചെയ്യാൻ വിളിക്കുക: 9400929111. പ്രവേശനം മുൻകൂർ ബുക്ക് ചെയ്യുന്നവർക്ക് മാത്രം.

**ഫാ. അഗസ്റ്റിൻ കല്ലേലി**
**ഡയറക്ടർ**

# സഹൃദയ

(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

**മോൺ. കണ്ടത്തിൽ ജന്മശതാബ്ദി വർഷത്തിന് തുടക്കമായി**

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തിലച്ചന്റെ ജന്മശതാബ്ദി വർഷത്തിനു തുടക്കമായി. അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥലമായ വൈക്കം നടേൽപള്ളിയിൽ അനുസ്മരണ ദിവ്യബലി, കബറിടത്തിങ്കൽ പ്രാർത്ഥന, സമ്മേളനം, ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം എന്നിവ സംഘടിപ്പിച്ചു.

**മെയ് ദിനാചരണം**

കേരളാ ലേബർ മൂവ്മെന്റ്, ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ കാലടി മേഖലയിലെ ഇടവകകളുടെ സഹകരണത്തോടെ സഹൃദയ മെയ് ദിനാചരണം സംഘടിപ്പിച്ചു. കാലടി സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ നടത്തിയ സമ്മേളനം എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

**ഭവന പദ്ധതി**

സേവ് എ ഫാമിലി ഗോൾഡൻ ജൂബിലി ഭവനപദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു സഹായവിതരണം നടത്തി. കുവൈറ്റ് സീറോമലബാർ കൾച്ചറൽ അസോസിയേഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ഭവനപദ്ധതിയിൽ നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് അവസാന ഗഡു സഹായവിതരണം നടത്തി. അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ ഭാഗമായി ദിവ്യകാരുണ്യ ആരാധനാ സഭയുടെ നേതൃത്വത്തിൽ നിർമ്മിച്ചു നല്കുന്ന 25 ഭവനങ്ങളിൽ നിർമാണം പൂർത്തിയാക്കിയ 23 ഭവനങ്ങളുടെ ആശീർവാദകർമ്മവും സമർപ്പണവും നടത്തി.

**സഹൃദയ കുടുംബദിനം**

സഹൃദയ കുടുംബസംഗമവും വിദ്യാരംഭവും പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു.

**ഗ്രാമോത്സവം തുടങ്ങി**

സഭയുടെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ കൂടുതൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനും പ്രകൃതിസ്നേഹത്തിലും പരസ്പര കരുതലിലും വളരുന്നതിനുമായി, തെരഞ്ഞെടുക്കപ്പെടുന്ന ഇടവകകളിൽ സഹൃദയ

സംഘടിപ്പിക്കുന്ന ഗ്രാമോത്സവം ജൂൺ ആദ്യ ഞായറാഴ്ച കോക്കമംഗലം ഇടവകയിൽ നടത്തുന്നു. ഗ്രാമോത്സവം സംഘടിപ്പിക്കാൻ താത്പര്യമുള്ള ഇടവകകൾക്ക് സഹൃദയ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

### ഇൻഫാം കർഷകഫോറങ്ങൾ രൂപീകരിച്ചു

മാണിക്കമംഗലം, നടുവട്ടം, കാഞ്ഞൂർ, തുറവുങ്കര, ചൊവ്വര, കാലടി എന്നിവിടങ്ങളിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ കർഷക ഫോറങ്ങൾ രൂപീകരിച്ചു.

### ജീവാമൃതം പദ്ധതി

ഫൗണ്ടേഷൻ ഡി ഫ്രാൻസിന്റെ സഹകരണത്തോടെ കാലടി, വല്ലം, മഞ്ഞപ്ര, ചേരാനല്ലൂർ, നീലീശ്വരം, മലയാറ്റൂർ പ്രദേശങ്ങളിൽ നടപ്പാക്കുന്ന ജീവാമൃതം പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയായി.

### അതിജീവൻ-ജൈവസമൃദ്ധി പദ്ധതി

കാലടി മേഖലയിൽ കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പാക്കിവരുന്ന അതിജീവൻ-ജൈവസമൃദ്ധി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 240 കുടുംബങ്ങൾക്ക് 1680 ഏത്തവാഴക്കണ്ണുകളും ജൈവവളവും വിതരണം ചെയ്തു.

### സഹൃദയടെക്ക് ടീം മീറ്റിംഗ്

സഹൃദയയുടെ പ്രകൃതിവിഭവ പരിപാലന വിഭാഗമായ സഹൃദയടെക്കിന്റെ വിവിധ ജില്ല കളിലും മേഖലകളിലും പ്രവർത്തിച്ചുവരുന്ന ടീം അംഗങ്ങളുടെ യോഗം സഹൃദയയിൽ നടത്തി.

### ചൈൽഡ് ലൈൻ ഒരു വർഷം പൂർത്തിയാക്കുന്നു

കേന്ദ്ര സർക്കാരിന്റെ വനിതാ, ശിശുക്ഷേമ മന്ത്രാലയത്തിന്റേയും റെയിൽവേയുടേയും ആ ഭിമുഖ്യത്തിൽ ചൈൽഡ് ലൈൻ ഇന്ത്യാ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ പ്രവർത്തിച്ചുവരുന്ന സഹൃദയ ചൈൽഡ് ഹെൽപ് ഡസ്ക് ഒരു വർഷം പൂർത്തിയാക്കുന്നു. ഒരു വർഷത്തിനുള്ളിൽ അസ്വാഭാവിക സാഹചര്യങ്ങളിൽ കാണപ്പെട്ട 235 കുട്ടികളെ സുരക്ഷിതകേന്ദ്രങ്ങളിലെത്തിക്കാൻ സഹൃദയ ചൈൽഡ് ഹെൽപ് ഡസ്കിന് കഴിഞ്ഞിട്ടുണ്ട്.

# സഹായ, വായ്പാ വിതരണ വിവരം ഏപ്രിൽ 2019

| പദ്ധതി | വായ്പ | സഹായം |
|---|---|---|
| **വെസ്കോ ക്രെഡിറ്റ് മൈക്രോ ഫിനാൻസ്** | | |
| സ്വയംതൊഴിൽ വായ്പ | 84,95,000.00 | |
| **സേവ് എ ഫാമിലി പ്ലാൻ** | | |
| കുടുംബ സ്ഥിരസഹായ പദ്ധതി (18) | | 2,28,094.00 |
| കർമ്മശ്രീ സ്വയംതൊഴിൽ പദ്ധതി (16) | | 2,06,000.00 |
| സ്പെഷ്യൽ ഗിഫ്റ്റ് | | 5,709.00 |
| **ലൈറ്റ് എ ലൈഫ് കുടുംബ സഹായ പദ്ധതി** | | |
| ചികിത്സാ സഹായം | | 29,900.00 |
| ദുരിതാശ്വാസം | | 6,000.00 |
| വിദ്യാഭ്യാസ സഹായം | | 10,000.00 |
| സ്വയംതൊഴിൽ സഹായം | | 10,000.00 |
| **കാരുണ്യപ്രവാഹം - പ്രളയാനന്തര സഹായം** | | |
| ദുരിതാശ്വാസ സഹായം | | 63,000.00 |
| ഭവന നിർമാണ സഹായം | | 1,30,000.00 |
| ഭവന പുനരുദ്ധാരണ സഹായം | | 3,51,800.00 |
| സ്വയംതൊഴിൽ സഹായം | | 8,000.00 |
| **ഇൻഷുറൻസ് പദ്ധതികൾ - സഹൃദയ** | | |
| കാരുണ്യ ഇൻഷുറൻസ് (മൂന്നാംഘട്ടം) | | 2,55,04,197.00 |
| ആശ്വാസ് മരണാന്തര സഹായ പദ്ധതികൾ (10) | | 10,000.00 |

**ഫാ. പോൾ ചെറുപിള്ളി**
**ഡയറക്ടർ**

# സി. എൽ. സി.

## അറിയിപ്പുകൾ

**സി.എൽ.സിക്ക് പുതിയ അസിസ്റ്റന്റ് പ്രമോട്ടർ**

അതിരൂപതാ സി.എൽ.സി. അസിസ്റ്റന്റ് പ്രമോട്ടറായി നിയമിതനായ ഫാ. ജിനു പള്ളിപ്പാട്ട് ചുമതലയേറ്റു.

**ലോക പരിസ്ഥിതി ദിനാചരണം**

ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി അതിരൂപതാ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തുന്ന പരിസ്ഥിതി ദിനാചരണം ജൂൺ മാസം പള്ളിപ്പുറം ഫൊറോനയിൽ വച്ച് നടത്തുകയാണ്. ചർച്ചാക്ലാസ്സുകൾ, ചിത്രപ്രദർശനങ്ങൾ, ഫോട്ടോഗ്രാഫി മത്സരം എന്നിവ ഇതിനോടനുബന്ധിച്ച് നടത്തുന്നു. ഈ പരിപാടികളിൽ ചേർത്തല, വൈക്കം, പള്ളിപ്പുറം ഫൊറോനകളിലെ യൂണിറ്റ് ഭാരവാഹികൾ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫോർമേഷൻ ക്യാമ്പ്**

അതിരൂപതയുടെ നേതൃത്വത്തിൽ രണ്ട് മേഖലകളായി തിരിച്ച് ഫോർമേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജൂലൈ 12, 13 തീയതികളിൽ അങ്കമാലി, കാലടി മേഖല. സെപ്റ്റംബർ 8, 9 തീയതികളിൽ ചേർത്തല, എറണാകുളം മേഖല. ഒരു ഫൊറോനയിൽ നിന്ന് 10 അംഗങ്ങൾ വീതം പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**മരിയോത്സവം - സാഹിത്യ മത്സരങ്ങൾ**

സി.എൽ.സി. അതിരൂപതാ കൗൺസിലിന്റെ നേതൃത്വത്തിൽ തുടർച്ചയായി നടത്താറുള്ള മരിയോത്സവം - കലാ സാഹിത്യ മത്സരങ്ങൾ ഈ വർഷം സാഹിത്യ മത്സരങ്ങൾ മാത്രമായി നടത്തുന്നു. ജൂലൈ 31-ന് മുൻപ് ഫൊറോനാ തലത്തിൽ മത്സരങ്ങൾ നടത്തുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. സാഹിത്യ മത്സരങ്ങളുടെ ഇനവും നിയമാവലിയും ഫൊറോനയിൽ അറിയിക്കുന്നതാണ്. അതിരൂപതാ മത്സരം ആഗസ്റ്റ് 10-ാം തീയതി കലൂർ റിന്യൂവൽ സെന്ററിൽ നടത്തുന്നു.

**ഇഗ്നേഷ്യസ് ലയോള അനുസ്മരണം.**

പ്രിയരെ, നമ്മുടെ അദ്ധ്യാത്മിക ആചാര്യനായ ഇഗ്നേഷ്യസ് ലയോളയുടെ അനുസ്മരണം ജൂലൈ 31-ാം തീയതി അതത് ഫൊറോനകളുടെ നേതൃത്വത്തിൽ സമുചിതമായി ആചരിക്കണമെന്നും, എസ്.എസ്. എൽ.സി., +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയവർക്കുള്ള ഉപഹാരങ്ങൾ നൽകുവാൻ ശ്രദ്ധിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

**ഫാ. തോമസ് മഴുവഞ്ചേരി**
**ഡയറക്ടർ**

# ലിസി ആശുപത്രി, എറണാകുളം

**ലിസി മെഡിക്കൽ ആൻഡ് എജ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിലെ വിവിധ കോളേജുകളിൽ നടത്തുന്ന കോഴ്സുകളിലേക്ക്**

## 2019-2020 അദ്ധ്യയന വർഷത്തേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു

**പ്ലസ് ടുവിന് സയൻസ് ഗ്രൂപ്പിൽ അമ്പതു ശതമാനം മാർക്കെങ്കിലും ലഭിച്ചിട്ടുള്ളവർക്കു അപേക്ഷിക്കാവുന്ന ഡിഗ്രി (നാല് വർഷ) കോഴ്സുകൾ**

**BSc Nursing (കേരള ആരോഗ്യ സർവകലാശാല, KNMC)**

**B.Pharm (കേരള ആരോഗ്യ സർവകലാശാല, AICTE)**

**BSc MLT (കേരള ആരോഗ്യ സർവകലാശാല)**

**Bachelor of Cardiovascular Technology (BCVT) (കേരള ആരോഗ്യ സർവകലാശാല)**

* BSc Nursing-ന് അപേക്ഷിക്കാൻ www.amcsfnck.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2755413 (9.00 am - 5.00 pm)

* B.Pharm കോഴ്സിന് അപേക്ഷിക്കാൻ www.lisiecp.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2808797 (8.45 am - 4.45 pm)

* BSc MLT, BCVT എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കാൻ www.limen.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2755049 (8.00 am - 4.00 pm)

* ഡിഗ്രി കോഴ്സുകളുടെ പ്രോസ്പെക്റ്റസുകൾ മേൽ പറഞ്ഞ വെബ്സൈറ്റുകളിൽ ലഭ്യമാണ്. മേൽപറഞ്ഞ വെബ്സൈറ്റുകളിലൂടെ ഓൺലൈനായി മാത്രമേ ഡിഗ്രി കോഴ്സുകളിലേക്ക് അപേക്ഷിക്കാനാകൂ.

**പ്ലസ് ടുവിന് സയൻസ് ഗ്രൂപ്പിൽ അമ്പതു ശതമാനം മാർക്കെങ്കിലും ലഭിച്ചിട്ടുള്ളവർക്കു അപേക്ഷിക്കാവുന്ന ഡിപ്ലോമ (രണ്ടു വർഷ) കോഴ്സുകൾ**

**D.Pharm [AICTE, DME]**

**Diploma in Dialysis Technology (DDT) [DME]**

**Diploma in Anesthesia and Critical Care Technology (DACCT) [CMAI]**

* D.Pharm കോഴ്സിന്റെ പ്രോസ്പെക്റ്റസും അപേക്ഷ ഫോമും www.lisiecp.in എന്ന സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫോം ഡൗൺലോഡ് ചെയ്തതിനുശേഷം പൂരിപ്പിച്ച് വെണ്ണലയിലുള്ള ഫാർമസി കോളേജ് ഓഫീസിൽ 2019 ജൂൺ 30-നകം ഏൽപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2808797 (8.45 am - 4.45 pm)

* DDT, DACCT എന്നീ കോഴ്സുകളുടെ പ്രോസ്പെക്റ്റസും അപേക്ഷ ഫോമും www.limen.in എന്ന സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫോം ഡൗൺലോഡ് ചെയ്തതിനുശേഷം പൂരിപ്പിച്ച് എറണാകുളം ലിസി ഹോസ്പിറ്റൽ കാമ്പസിലെ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിന്റെ ഓഫിസിൽ 2019 ജൂൺ 30-നകം ഏൽപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2755049 (8.00 am - 4.00 pm)

**പ്ലസ് ടുവിന് ഏതെങ്കിലും ഗ്രൂപ്പിൽ (സയൻസ് ഗ്രൂപ്പ് നിർബന്ധമല്ല) അമ്പതു ശതമാനം മാർക്ക് ലഭിച്ചിട്ടുള്ളവർക്കു അപേക്ഷിക്കാവുന്ന ഡിപ്ലോമ കോഴ്സുകൾ**

**ജനറൽ നഴ്സിംഗ് (GNM ) മൂന്ന് വർഷം [KNMC]**

* പ്രോസ്പെക്റ്റസും അപേക്ഷ ഫോമും www.limen.in എന്ന സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫോം ഡൗൺലോഡ് ചെയ്തതിനുശേഷം പൂരിപ്പിച്ച് ലിസി ഹോസ്പിറ്റൽ കാമ്പസിലെ സ്കൂൾ ഓഫ് നഴ്സിംഗിന്റെ ഓഫീസിൽ 2019 ജൂൺ 30-നകം ഏൽപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2755324 (8.00 am - 4.00 pm)

**പ്ലസ് ടുവിന് ഏതെങ്കിലും ഗ്രൂപ്പിൽ (സയൻസ് ഗ്രൂപ്പ് നിർബന്ധമല്ല) പാസ് മാർക്കെങ്കിലും ഉള്ളവർക്ക് അപേക്ഷിക്കാവുന്ന കോഴ്സുകൾ**

BSS Diploma in Endoscopy Technology

BSS Diploma in Radiology and Imaging Technology

BSS Diploma in Hospital Documentation and Record Management

BSS Diploma in Central Sterile Supplies Technician (CSSD)

BSS Diploma in Cardiovascular Technology

BSS Diploma in Physiotherapy

BSS Diploma in Accident & Emergency Technology

* പ്രോസ്പെക്റ്റസും അപേക്ഷ ഫോമും www.limen.in എന്ന സൈറ്റിൽ ലഭ്യമാണ്. അപേക്ഷ ഫോം ഡൗൺലോഡ് ചെയ്തതിനുശേഷം പൂരിപ്പിച്ച് ലിസി ഹോസ്പിറ്റൽ കാമ്പസിലെ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസസിന്റെ ഓഫീസിൽ 2019 ജൂൺ 30-നകം ഏൽപ്പിക്കുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 0484-2755049 (8.00 am - 4.00 pm)

## ജോലി ഒഴിവുകൾ

ലിസി കോളേജ് ഓഫ് ഫാർമസിയിലേക്ക് Associate Professor / Asst. Professor എന്നീ തസ്തികളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. Pharmacology / Pharmaceutics / Pharmacognosy / Pharmaceutical Chemistry എന്നീ വിഭാഗങ്ങളിലാണ് ഒഴിവുകളുള്ളത്.

യോഗ്യത/പ്രവർത്തിപരിചയം: M.Pharm / Ph.D. & as per the norms of AICTE (New Delhi), PCI (New Delhi), KUHS (Thrissur).

അപേക്ഷകൾ ഓൺലൈൻ വഴി: www.lisiehospital.org/career. അന്വേഷണങ്ങൾക്ക്: 0484-2808797, 9446819908 (Working Hours: 8.45 am to 4.45 pm). അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന ദിവസം **ജൂൺ 5, 2019.**

**ഫാ. തോമസ് വൈക്കത്തുപറമ്പിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ഏപ്രിൽ 2019

19 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ദുഃഖവെള്ളിയാഴ്ചയിലെ തിരുകർമ്മങ്ങൾ എറണാകുളം ബസിലിക്കയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ബസിലിക്കയിൽ നടന്ന 'കുരിശിന്റെ വഴി' യിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കിഴക്കമ്പലം ഫൊറോനാ പള്ളിയിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾ നടത്തി. ഉച്ചകഴിഞ്ഞ് കിഴക്കുംഭാഗം പള്ളിയിൽ പീഡാനുഭവ സന്ദേശം നൽകി.

20 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വലിയ ശനിയുടെ തിരുകർമ്മങ്ങൾ രാവിലെ കടവന്ത്ര പള്ളിയിലും, ഉച്ചയ്ക്ക് പാറപ്പുറം ഐശ്വര്യ ഗ്രാമിൽ ഇതരസംസ്ഥാന തൊഴിലാളികൾക്കൊപ്പവും നടത്തി.

21 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഉയിർപ്പ് ഞായറിന്റെ തിരുകർമ്മങ്ങൾ പുഷ്പഗിരി പള്ളിയിൽ നടത്തി.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഉയിർപ്പ് ഞായറിന്റെ തിരുകർമ്മങ്ങൾ എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ നടത്തി.

22 ജോർജ് ആലഞ്ചേരി പിതാവ് മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ് വിൻസെൻഷ്യൻ ജനറലേറ്റിൽ മാർ ഏബ്രഹാം ഡി. മറ്റം പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയോട് അനുബന്ധിച്ചു നടന്ന വി. കുർബാനയ്ക്ക് ജോർജ് ആലഞ്ചേരി പിതാവ് മുഖ്യ കാർമ്മികത്വം വഹിച്ചു. ജേക്കബ് മനത്തോടത്ത് പിതാവും, സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും, ജോസ് പുത്തൻവീട്ടിൽ പിതാവും വി. കുർബാനയിൽ സഹകാർമ്മികരായിരുന്നു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

23 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ വി. കുർബാന അർപ്പിച്ച് ആരാധനയുടെ പ്രാരംഭ സന്ദേശം നൽകി.

24 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന പൊതി - പിയെത്താഭവൻ-ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

25 ജോർജ് ആലഞ്ചേരി പിതാവ് അതിരമ്പുഴ പള്ളിയിൽ വിവാഹം ആശീർവദിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തോപ്പിൽ പള്ളിയിൽ വി. കുർബാന അർപ്പിച്ച് അതിരൂപതാ ബ്രദേഴ്സിന്റെ വെസ്റ്റിഷന് മുഖ്യ കാർമ്മികത്വം വഹിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഇടപ്പള്ളി ഫൊറോനാ പള്ളിയിൽ ആരാധനയുടെ സമാപനസന്ദേശം നൽകി.

26 ജോർജ് ആലഞ്ചേരി പിതാവ് മൗണ്ട് സെന്റ് തോമസിൽ നടന്ന സെമിനാരി കമ്മീഷൻ മെമ്പേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ചിറ്റൂർ ധ്യാനകേന്ദ്രത്തിൽ നടന്ന യുവജനധ്യാനത്തിൽ സന്ദേശം നൽകി.

ജോസ് പുത്തൻവീട്ടിൽ പിതാവ് തൃക്കാക്കര മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്കായുള്ള ഇന്റർവ്യൂ നടത്തി.

27 ജോർജ് ആലഞ്ചേരി പിതാവ് സി.എം.ഐ. മൂവാറ്റുപുഴ പ്രൊവിൻസിന്റെ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് സാമ്പ്രിക്കലിൽ ബ. ജോസ് പുതിയേടത്ത് അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ജോസ് പുത്തൻവീട്ടിൽ പിതാവ് ഒപ്പീസ് ചൊല്ലി

ജോസ് പുത്തൻവീട്ടിൽ പിതാവ് കറുകുറ്റിയിൽ സി.എം.സി. അങ്കമാലി പ്രൊവിൻസിന്റെ സിസ്റ്റേഴ്സിന്റെ പ്രഥമവ്രതവാഗ്ദാനചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 ജോർജ് ആലഞ്ചേരി പിതാവ് തൃശൂരിൽ Shekinah ചാനൽ ഉദ്ഘാടനം ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പീച്ചാനിക്കാട് പള്ളിയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് കുറ്റിപ്പുഴ പള്ളിയിൽ ബ. സേവ്യർ ആവള്ളിൽ അച്ചന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന മീറ്റിംഗിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

29 ജോർജ് ആലഞ്ചേരി പിതാവ് മുംബേയ്ക്കു പോയി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ശ്രീമൂലനഗരം പള്ളിയിൽ ബ. മാത്യു പെരുമായനച്ചന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന വി. കുർബാനയിൽ ജൂബിലി സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് എടയാഴം പള്ളിയിൽ ആരാധനയുടെ സമാപനസന്ദേശം നൽകുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് മള്ളുശ്ശേരിയിൽ സാധുസേവന സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് കളമശ്ശേരി പള്ളിയിൽ തിരുനാൾ കൊടിയേറ്റ് നടത്തി വി. കുർബാന അർപ്പിച്ചു.

30 ജേക്കബ് മനത്തോടത്ത് പിതാവ് രാവിലെ തൈക്കാട്ടുശ്ശേരി പള്ളിയിൽ ബ. ജോസ് പുതിയേടത്ത് അച്ചന്റെ വന്ദ്യ പിതാവിന്റെ ഏഴാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്ക് എറണാകുളം ലിസി ആശുപത്രിയിൽ നടത്തപ്പെട്ട 'റെസ്ക്യൂ - അവാർഡ് വിതരണത്തിൽ' സംബന്ധിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന ചൂണ്ടി ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ചുണങ്ങംവേലി എസ്.ഡി. ജനറലേറ്റ് സന്ദർശിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തൃക്കാക്കരയിൽ ലെവുക്കാ സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

## മെയ് 2019

1 ജോർജ് ആലഞ്ചേരി പിതാവ് ഇഞ്ചിയാനിയിൽ വച്ചു നടന്ന സ്നേഹദീപം ചിൽഡ്രൻസ് ഹോമിന്റെ ജൂബിലിയാഘോഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് എറണാകുളം ബസിലിക്കയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ്, പുതുതായി നിർമ്മിച്ച തുതിയൂർ പള്ളിയുടെ വെഞ്ചെരിപ്പ് കർമ്മം നടത്തുകയും വി. കുർബാന അർപ്പിക്കുകയും പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തായിക്കാട്ടുകരയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് അങ്കമാലി സി.എസ്.എൻ കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

2 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് പള്ളുരുത്തി പള്ളിയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് നാലുകെട്ട്

പള്ളിയിൽ വി. കുർബാന അർപ്പിക്കുകയും പാരിഷ് ഹാളിന്റെ വെഞ്ചെരിപ്പ് നടത്തുകയും ഫാമിലി യൂണിറ്റ്സിന്റെ വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു.

ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ നടന്ന വൈദികസമിതി യോഗത്തിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കാലടിയിൽ പ്രേഷിതാരാം സിസ്റ്റേഴ്സിന്റെ പ്രഥമവ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

3 ജേക്കബ് മനത്തോടത്ത് പിതാവ് വൈകിട്ട് കൊങ്ങോർപ്പിള്ളി പള്ളിയുടെ തിരുനാൾ കൊടിയേറ്റ് നടത്തുകയും വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. പുതുതായി നിർമ്മിച്ച മതബോധന ഹാളിന്റെ വെഞ്ചരിപ്പ് നടത്തി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന ചൂണ്ടി ഭാരത മാത കൊമേഴ്സ് ആൻഡ് ആർട്ട്സ് കോളേജിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് വേങ്ങൂർ പള്ളിയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പതാക ഉയർത്തൽ നടത്തുകയും ചെയ്തു.

4 ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് പാലാ-ചേർപ്പുങ്കൽ പള്ളിയിൽ ബ. സോണി കടൂക്കുന്നേൽ അച്ചന്റെ വന്ദ്യപിതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് ചൊവ്വരയിൽ ഡീക്കൻ ജിസന്റോ തേയ്ക്കാനത്ത് C.Ss.R.-ന് തിരുപ്പട്ടം നൽകി. ഉച്ചകഴിഞ്ഞ് കളമശ്ശേരി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സിസ്റ്റേഴ്സിന്റെ പ്രഥമവ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് എറണാകുളം കത്തീഡ്രൽ ബസിലിക്കയിൽ കുട്ടികൾക്ക് സ്ഥൈര്യലേപനം നൽകി. തെങ്ങോട് പള്ളിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

5 ജോർജ് ആലഞ്ചേരി പിതാവ് Fiat Mission ന്റെ ഭാഗമായി നടന്ന Exhibition -ന്റെ സമാപനത്തിൽ വി. കുർബാനയ്ക്ക് മുഖ്യാകാർമികത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് കോട്ടയ്ക്കാവ് പള്ളിയിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് പാലൂത്തറ ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും ഇടവക ദിനാഘോഷങ്ങളുടെ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് നായത്തോട്, ജോസ്പുരം ഇടവകകളിൽ കുട്ടികൾക്ക് ആദ്യകുർബാന നൽകി. ഉച്ചകഴിഞ്ഞ് കുറുമശ്ശേരി ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും മതബോധന ഹാളിന്റെ വെഞ്ചെരിപ്പ് നിർവഹിക്കുകയും ഫാമിലി യൂണിറ്റ്സ് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം നടത്തുകയും ചെയ്തു.

6 ജോർജ് ആലഞ്ചേരി പിതാവ് നടവരമ്പ് ഇടവകയിൽ മരിച്ചവർക്കുവേണ്ടിയുള്ള കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് ഇടപ്പള്ളി പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

7 ജോർജ് ആലഞ്ചേരി പിതാവ് CBCI-Standing Commitee Meeting-ന് പങ്കെടുക്കുവാൻ ബാംഗ്ലൂരിലേക്ക് പോയി.

ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഉദയനാപുരം പള്ളിയിൽ ബ. സേവ്യർ കരീത്തറ അച്ചന്റെ മൃതസംസ്കാര കർമ്മങ്ങൾക്ക് മുഖ്യകാർമ്മിത്വം വഹിച്ചു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും ഉച്ചകഴിഞ്ഞ് ഈ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തോട്ടുവയിൽ അഭയഭവൻ വൃദ്ധമന്ദിരത്തിന്റെ പുതിയ ബ്ലോക്കിന്റെ കല്ലിടൽ കർമ്മം നിർവ്വഹിച്ചു.

ജേക്കബ് മനത്തോടത്ത് പിതാവും സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവും ജോസ് പുത്തൻവീട്ടിൽ പിതാവും അരമനയിൽ സേവനം ചെയ്ത റീജൻസി ബ്രദർ അമൽ പെരിയപ്പാടന്റെ യാത്രയയപ്പ് യോഗത്തിൽ സംബന്ധിച്ചു.

8 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് അരമനയിൽ നടന്ന റിന്യൂവൽ സെന്ററിന്റെയും സത്യദീപത്തിന്റെയും ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പട്ടണം പള്ളിയുടെ ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് അശോകപുരം കാർമൽ കോൺവെന്റിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടന്ന വി. കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

9 സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് വൈക്കം അമലാഭവൻ കോൺവെന്റിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാന അർപ്പിച്ച് മീറ്റിംഗിന്റെ ഉദ്ഘാടനം നിർവഹിച്ചു.

10 ജേക്കബ് മനത്തോടത്ത് പിതാവ് വൈകുന്നേരം കോടംതുരുത്ത് പള്ളിയിൽ തിരുനാൾ കൊടിയേറ്റ് നടത്തി. ആരാധനയുടെ സമാപന സന്ദേശം നൽകി.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് തൃക്കാക്കര മൈനർ സെമിനാരിയിൽ വി. കുർബാന അർപ്പിച്ചു. കലൂർ റിന്യൂവൽ സെന്ററിൽ നടന്ന ടീച്ചേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

ജോസ് പുത്തൻവീട്ടിൽ പിതാവ് തൃക്കാക്കര മൈനർ സെമിനാരിയിൽ നടന്ന മേജർ സെമിനാരിയൻസിന്റെ Interaction-ൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അരമനയിൽ നടന്ന പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.


11 ജോർജ് ആലഞ്ചേരി പിതാവ് ബാംഗ്ലൂരിൽ നിന്ന് മടങ്ങിയെത്തി.

ജേക്കബ് മനത്തോടത്ത് പിതാവ് ഉച്ചകഴിഞ്ഞ് അങ്കമാലി സുബോധന പാസ്റ്ററൽ സെന്ററിൽ 'കേരള നസ്രാണികളുടെ ചരിത്രവും സംസ്കാരവും' എന്ന വിഷയത്തിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വറ്റ് ഡിപ്ലോമ കോഴ്സ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വൈകിട്ട് പെരിയാർമുഖം സെന്റ് ആഡ്രൂസ് പള്ളി ഇടവകയായി പ്രഖ്യാപിക്കുകയും വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവ് മരട് പള്ളിയിൽ സി.എം.സി. മിഷൻ പ്രൊവിൻസിലെ അംഗങ്ങളായ സി. മെർളിൻ പുത്തൻപുരയ്ക്കലിന്റെ പ്രഥമവ്രതവാഗ്ദാന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

ജോസ് പുത്തൻവീട്ടിൽ പിതാവ് കുമ്പളം പള്ളിയിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യം നൽകി.

* * * * *


"Cling to God, and leave all the rest to Him: He will not let you perish. Your soul is very dear to Him, He wishes to save it."
St. Margaret Mary Alacoque

Registered No. KL/EKM/748/2019-21

RNI No. 3421/57
Date of Publication: 01.06.2019

Annual Subscription ₹ 150
Per Copy ₹ 15

എറണാകുളം-അങ്കമാലി മേജർ അതിരൂപതാ ബുള്ളറ്റിൻ

# ERNAKULAM MISSAM




Printed and Published by Fr. Jose Pollayil, on behalf of the Archbishop of Ernakulam,
Major Archbishop's House, P.B. No. 2580, Broadway, Ernakulam, Kerala - 682 031 and
Printed at Viani Printings, Viani Buildings, No. XXXIX/1524,
Lisie Hospital Road, Ernakulam, Kochi, Kerala - 682 018 and Published from
Major Archbishop's House P.B. No. 2580, Broadway, Ernakulam, Kerala - 682 031.
Editor: Rev. Fr. Jose Pollayil